I.ഇ.ബി. XII-കേരള നിയമസഭ/VII-3

# പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ഫെബ്രുവരി 26, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിര പ്രമേയം**

സർക്കാർ ഭൂമി എച്ച്.എം.ടി. വിറ്റ നടപടി.

മി. സ്പീക്കർ: സംസ്ഥാന സർക്കാരിന് അവകാശപ്പെട്ട 70 ഏക്കർ ഭൂമി ഒരു സ്വകാര്യ കമ്പനിക്ക് എച്ച്.എം.ടി. വിറ്റ നടപടിയിൽ ഗവണ്മെന്റ് സ്വീകരിച്ച നിലപാട് കൊണ്ടുണ്ടായ ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.ഡി. സതീശൻ, പി.കെ. അബ്ദുറബ്ബ്, തോമസ് ചാഴികാടൻ, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കളമശ്ശേരിയിൽ എച്ച്.എം.ടി. വിൽപ്പന നടത്തിയ 70 ഏക്കർ ഭൂമി സർക്കാരിന് അവകാശപ്പെട്ടതാണെന്ന പ്രസ്താവന വസ്തുതാപരമല്ല. എച്ച്.എം.ടി. കേന്ദ്ര ഗവണ്മെന്റിന്റെ

കീഴിലുള്ള പൊതുമേഖലാസ്ഥാപനമാണ്. കേന്ദ്രസർക്കാരിന്റെ ഉന്നതരായ ഉദ്യോഗസ്ഥർ അടങ്ങുന്ന പരമാധികാരമുള്ള ഒരു ബോർഡാണ് എച്ച്.എം.ടി. യുടെ സ്ഥാവരജംഗമ വസ്തുക്കൾ കൈകാര്യം ചെയ്യുന്നത്. അവരാണ് സ്വകാര്യസ്ഥാപനത്തിന് ഭൂമി വിറ്റിരിക്കുന്നത്. ഈ വിൽപ്പനയിൽ ഒരു ഘട്ട ത്തിലും സംസ്ഥാന സർക്കാർ ഇടപെട്ടിട്ടില്ല. എന്നാൽ വിൽപ്പനയെ സംബ ന്ധിച്ച് ആക്ഷേപങ്ങൾ ശ്രദ്ധയിൽ വന്നപ്പോൾ അവർക്ക് വിൽപ്പന നടത്താ നുള്ള അവകാശമുണ്ടോ എന്ന് പരിശോധന നടത്തി. അന്വേഷണത്തിലും പരിശോധനയിലും എച്ച്.എം.ടി. ഭൂമിയുമായി ബന്ധപ്പെട്ട വിഷയത്തിൽ നിയ മപരമായ ഒട്ടേറെ സങ്കീർണ്ണതകൾ ഉണ്ടെന്ന് റിപ്പോർട്ട് ലഭിച്ചതിനാൽ ഇതു സംബന്ധിച്ച് ആധികാരികമായ നിയമോപദേശത്തിനായി അഡ്വക്കേറ്റ് ജനറലുമായി സർക്കാർ ആശയവിനിമയം നടത്തി. ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതായി ബോധ്യപ്പെട്ടതിനാൽ ഹൈക്കോടതിയുടെ തീരുമാനം വരുന്നതിനുമുമ്പ് ഈ വിഷയത്തിൽ ഇടപെ ടൽ നടത്തുന്നത് ശരിയല്ലെന്നാണ് സർക്കാരിന്റെ നിലപാട്. ഭൂമി വിൽപ്പന യുടെ പൂർണ്ണ ഉത്തരവാദിത്തം കേന്ദ്ര സർക്കാരിനാണ്. എച്ച്.എം.ടി.യുടെ കൈവശം അധികമുള്ള ഭൂമി നിയമപരമായ നടപടികളിലൂടെ തിരിച്ചുപിടി ക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതിനുള്ള ശക്തമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ഭൂമി സംരക്ഷിക്കാനും നഷ്ടപ്പെട്ട ഭൂമി തിരിച്ചുപിടിക്കാനും എല്ലാ നടപടികളും സർക്കാർ സ്വീകരി ക്കുന്നതാണ്.

<u>ശ്രീ. വി.ഡി. സതീശൻ:</u> പോക്കുവരവ് റദ്ദാക്കി ഭൂമി തിരിച്ചുപിടിക്കണ മെന്നുള്ള സി.പി.ഐ. സംസ്ഥാന കമ്മിറ്റിയുടെ തീരുമാനത്തിന് വിരുദ്ധമായ അഭിപ്രായമാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സ്വീകരിച്ചിരിക്കുന്നത്.

1976-ലും 1991-ലും ഭൂമി തിരിച്ചുപിടിക്കാനുള്ള നടപടികൾ അതാതു ഗവ ൺമെന്റുകൾ സ്വീകരിച്ചെങ്കിലും കമ്പനിയുടെയും കേന്ദ്ര ഗവണ്മെന്റിന്റെയും ഇടപെടലുകളെത്തുടർന്നും അവർ വീണ്ടും വ്യവസായവികസനം ഈ ഭൂമി യിൽ നടത്താമെന്നുള്ള ഉറപ്പിന്റെ പേരിലും മേൽപ്പറഞ്ഞ ഭൂമി മുഴുവൻ എക്സംപ്റ്റ് ചെയ്ത് എച്ച്.എം.ടി.-ക്ക് തിരിച്ചുകൊടുത്തു. നാലു വർഷം കഴി ഞ്ഞിട്ടും പുതിയതായി ഒരു പ്രവർത്തനവും പ്രസ്തുത ഭൂമിയിൽ നടത്തിയി ല്ലെന്ന് കണ്ടതിനാൽ താലൂക്ക് ലാൻഡ് ബോർഡ് അവിടെ നിന്ന് 400 ഏക്കർ ഭൂമി തിരിച്ചുപിടിച്ചു. അതിനെതിരായി എച്ച്.എം.ടി. കോടതിയിൽ പോയി. 1998 -ൽ വ്യവസായ വകുപ്പ് കോടതിക്ക് പുറത്ത് വച്ച് നെഗോഷിയേഷൻ നടത്തു കയും 100 ഏക്കർ ഭൂമി തന്നാൽ . മാസ്സീവ് ഇൻവെസ്റ്റ്മെന്റ്, ജോയിന്റ് വെൻചറിൽ ബിസിനസ്സ്, വ്യവസായ വികസനം എന്നിവ നടത്താമെന്ന കണ്ടീഷനിൽ 100 ഏക്കർ ഭൂമി റീട്ടെയിൻ ചെയ്യാൻ വേണ്ടി എച്ച്.എം.ടി.-ക്ക് തിരിച്ചുകൊടുക്കുകയും ചെയ്തു. കണ്ടീഷൻ വയലേറ്റ് ചെയ്താൽ ഭൂമി തിരി ച്ചുപിടിക്കാനുള്ള അവകാശം സർക്കാരിനുണ്ടെന്നും ഉത്തരവിൽ പറയുന്നു. ജൂലായ് 2000-ത്തിൽ വ്യവസായ വികസനത്തിനായി 100 ഏക്കർ ഭൂമി കൊടു ക്കുന്നു. അതിൽ വ്യവസായ വികസനം നടത്താമെന്നുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ഈ എക്സംപ്ഷൻ കൊടുത്തിരിക്കുന്നത്. അക്വയർ ചെയ്യുന്ന ഭൂമി പ്രസ്തുത പർപ്പസ്സിനുവേണ്ടി ഉപയോഗിച്ചില്ലെങ്കിൽ എങ്ങനെ യാണ് കൈകാര്യം ചെയ്യേണ്ടതെന്ന് സുപ്രീംകോടതി വിധിയും അതിനെ ബെയിസ് ചെയ്ത് ഹൈക്കോടതി വിധിയുമുണ്ട്. രണ്ട് കോടതിവിധികളേയും ക്വാട്ട് ചെയ്ത് 2000-ത്തിൽ സർക്കാർ ഓർഡർ ഇറക്കിയിട്ടുണ്ട്. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, ലാ സെക്രട്ടറി, വ്യവസായ വകുപ്പു സെക്രട്ടറി, ജില്ലാ കളക്ടർ എന്നിവരും ഈ ഭൂമി വിൽപ്പന നടന്നത് നിയമവിരുദ്ധമാ

ണെന്നും അത്തരത്തിൽ വിൽപ്പന നടത്തിയ ഈ ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചുപിടിക്കണമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇങ്ങനെയിരിക്കെ റവന്യൂ വകുപ്പുമന്ത്രിയും വ്യവസായവകുപ്പുമന്ത്രിയും ചേർന്ന് പോക്കുവരവ് നടത്തി ക്കൊടുക്കാൻ എടുത്ത തീരുമാനത്തിന്റെ ഫലമായി 700 കോടി രൂപ വില വരുന്ന 70 ഏക്കർ ഭൂമി 91 കോടി രൂപയ്ക്ക് ഒരു സ്വകാര്യ കമ്പനിക്ക് കൊടുക്കാനുള്ള നടപടിയാണ് വന്നിരിക്കുന്നത്. ഈ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> ഈ വിഷയം ഗവ ണ്മെന്റിന്റെ ശ്രദ്ധയിൽ വന്നപ്പോൾത്തന്നെ അതു സംബന്ധിച്ച് ഗവണ്മെന്റ് വളരെ വ്യക്തമായ അന്വേഷണം നടത്തി. ഒട്ടേറെ സങ്കീർണ്ണമായ നിയമപ്ര ശ്നങ്ങൾ ഉള്ളതുകൊണ്ട് അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം തേടിയിട്ടുണ്ട്. സർക്കാർ ഭൂമി സംരക്ഷിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രതി ജ്ഞാബദ്ധമാണ്. അതനുസരിച്ചുള്ള ഓരോ തീരുമാനവുമായി ഗവണ്മെന്റ് മുന്നോട്ടുപോകുകയാണ്. 5 വർഷം യു.ഡി.എഫ്. അധികാരത്തിലിരുന്നിട്ട് ഗവണ്മെന്റ് ഉടമസ്ഥതയിലുള്ള ഒരു സെന്റ് ഭൂമി പോലും ഏറ്റെടുത്തിട്ടില്ല. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കോഴിക്കോട്, തൃശൂർ, തിരുവനന്തപുരം തുടങ്ങിയ ജില്ലകളിൽ കോടിക്കണക്കിന് രൂപ വില മതിക്കുന്ന ഭൂമിയാണ് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം തിരിച്ചുപിടിച്ചത് ഈ വിഷയം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒരു സെന്റ് ഭൂമിപോലും കളമശ്ശേരിയിൽ വിൽപ്പന നടത്തിയിട്ടില്ല. സ്വകാര്യ സ്ഥാപന

ത്തിന് 70 ഏക്കർ ഭൂമി വിൽപ്പന നടത്തിയത് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനമായ എച്ച്.എം.ടി.യാണ്. എച്ച്.എം.ടി. നടത്തിയ ഈ ഭൂമിവിൽപ്പന പൂർണ്ണമായും നിയമാനുസൃതമാണെന്നുപറഞ്ഞ് അതിനെ ന്യായീകരിച്ചുകൊണ്ട് കേന്ദ്ര വ്യവസായ വകുപ്പുമന്ത്രി സംസ്ഥാന ഗവൺമെന്റിന് കത്ത് അയച്ചിട്ടുണ്ട്. ഈ ഭൂമി വിൽപ്പനയുടെ ഒരു ഘട്ടത്തിലും സംസ്ഥാന മന്ത്രിസഭയിലെ ഒരു മന്ത്രിപോലും ഇടപെട്ടിട്ടില്ല. ട്രേഡ് യൂണിയനുകളുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് ബന്ധപ്പെട്ട മന്ത്രിമാർ എച്ച്.എം.ടി. മാനേജുമെന്റുമായി ചർച്ച ചെയ്ത് പ്രസ്തുത ഭൂമി വിറ്റുകിട്ടുന്ന പണം കളമശ്ശേരിയിലെ എച്ച്.എം.ടി. യൂണിറ്റിന്റേയും തൊഴിലാളികളുടേയും വികസനത്തിനായി ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തത്. വസ്തു അവകാശത്തെ സംബന്ധിച്ച അവസാന തീർപ്പല്ല പോക്കുവരവ്. അതൊരു റവന്യൂ റിക്കോർഡാണ്. ഇതുസംബന്ധിച്ച് രണ്ട് കേസുകൾ ഹൈക്കോടതിയിലുണ്ട്. കോടതിവിധി വന്നതിനുശേഷം സർക്കാർ ഉചിതമായ തീരുമാനമെടുക്കും. സർക്കാർ ഭൂമി അന്യാധീനപ്പെടുത്താൻ അനുവദിക്കുകയില്ല. കേരളത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഭൂമിയും സംസ്ഥാന ഗവൺമെന്റിന്റെ ഭൂമിയും ഇതിനുമുമ്പും വിൽപ്പന നടത്തിയിട്ടുണ്ട്. നിയമാനുസൃതമല്ലാത്ത ഒരു നടപടിയും സംസ്ഥാന ഗവൺമെന്റ് അനുവദിക്കുകയില്ല. അതുകൊണ്ട് ഈ മന്ത്രിസഭയിലെ രണ്ട് മന്ത്രിമാരെ സംബന്ധിച്ച് ഉന്നയിച്ചിരിക്കുന്ന ആരോപണം പൂർണ്ണമായും ഗവൺമെന്റ് നിഷേധിക്കുന്നു. സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം മാണി, സി.ടി. അഹമ്മദ് അലി എന്നീ ബഹുമാനപ്പെട്ട പ്രതിപക്ഷ കക്ഷിനേതാക്കന്മാർ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തു പോകുകയും അല്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരാകുകയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) പാൽ ഉൽപ്പാദനം കുറയുകയും വില വർദ്ധിക്കുകയും ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതി വിശേഷം

ശ്രീ. ബി. ബാബു പ്രസാദ്: കേരളത്തിൽ ഒരു ലിറ്റർ പാലിന് ഇപ്പോൾ രണ്ട് രൂപ വർദ്ധിപ്പിച്ചിരിക്കുന്നു. പണ്ട് പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചിരുന്ന ഒരു സംസ്ഥാനമാണു കേരളം. എന്നാൽ കേരളത്തിന് ഗുണകരമായ ഒരു പ്രജനനയത്തിന്റെ അഭാവം മൂലം പാലിന്റെ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞു. അടുത്ത മൂന്ന് വർഷംകൊണ്ട് കേരളത്തിലെ പാൽ ഉൽപ്പാദനം 21 ലക്ഷം ടണ്ണിൽ നിന്ന് 30 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കുമെന്നാണ് മൃഗസംരക്ഷണ വകുപ്പ് പറയുന്നത്. എന്നാൽ ഈ ലക്ഷ്യം കൈവരിക്കാൻ ക്രിയാത്മകമായ ഒരു നടപടിയും മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ചിട്ടില്ല. സങ്കരയിനം പശുക്കളുടെ എണ്ണം വർദ്ധിപ്പിച്ച് പാലുല്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചുകൊണ്ട് പാലിനുവേണ്ടി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന നടപടിയും പാൽവില അടിക്കടി വർദ്ധിപ്പിക്കുന്ന രീതിയും ഒഴിവാക്കണം.

ഭക്ഷ്യവും സിവിൽസ്പളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനാണ് ഗവൺമെന്റ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിന്റെ തനതായ നാടൻ ഇനങ്ങളുടേയും വിദേശവർഗ്ഗത്തിൽപ്പെട്ടവയുടേയും സങ്കരയിനം പശുക്കളെ വ്യാപകമായി വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഉയർന്ന ഉല്പാദനശേഷിയുള്ള പശുക്കൾക്ക് ഉയർന്ന ജനിതകമൂല്യമുള്ള ബീജം ഇന്ന് ലഭ്യമാണ്. അത് കർഷകർക്ക് ഇഷ്ടാനുസരണം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവുമുണ്ട്. കേന്ദ്ര സർക്കാരിന്റെ 2005-06-ലെ റിപ്പോർട്ട് പ്രകാരം പ്രതിദിന പാലുല്പാദനത്തിന്റെ കാര്യത്തിൽ കേരളം 9-ാം സ്ഥാനത്താണ്. കേരളത്തിൽ പാലിന്റെ വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് കന്നുകാലി പ്രജനന പരിഷ്കരണം, ക്ഷീരധാര, പശുഗ്രാമം, മിൽക്ക്ഷെഡ്, വിദർഭ എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പൊതുമേഖലയിൽ പ്രവർത്തിക്കുന്ന തീറ്റ ഉല്പാദന കേന്ദ്രങ്ങളുടെ ഉല്പാദന വിപണനശേഷി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കർഷകർക്ക് സബ്സിഡിയോടുകൂടി കാലിത്തീറ്റ ലഭ്യമാക്കുകയും പച്ചപുല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്തു. വ്യാവസായികാടിസ്ഥാനത്തിൽ ഡയറി സ്ഥാപിക്കുന്നതിന് സാങ്കേതിക സഹായവും ധനസഹായവും ലഭ്യമാക്കി. കുളമ്പുരോഗം, അകിടുവീക്കം എന്നിവ നിയന്ത്രണവിധേയമാക്കി സംസ്ഥാനത്തെ കാലിരോഗ വിമുക്ത മേഖലയാക്കാൻ നടപടി സ്വീകരിച്ചു. ക്ഷീരോല്പാദന ചെലവിന് അനുസൃതമായ വില പാലിന് ലഭ്യമാക്കണമെന്ന ക്ഷീരകർഷകരുടെ ആവശ്യം പരിഗണിച്ചുകൊണ്ടാണ് ഇപ്പോൾ വിലവർദ്ധനവിന് അനുമതി നൽകിയത്.

(2) <u>തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ.വി. ശിവൻകുട്ടി</u> : ഫയലിംഗ് അധികാരത്തോടുകൂടിയ ഒരു ഹൈക്കോടതി ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കണമെന്നുള്ള ആവശ്യത്തിന് വളരെ പഴക്കമുണ്ട്. ഇതുസംബന്ധിച്ച് കേരള നിയമസഭയിൽ രണ്ടു തവണ പ്രമേയം പാസ്സാക്കിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റേയും കേരള നിയമസഭയുടേയും ഈ ആവശ്യം കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് തള്ളിക്കളയുകയാണുണ്ടായത്. കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ.എം. വിജയകുമാർ)</u> : 1956-ലെ സ്റ്റേറ്റ് റി-ഓർഗനൈസേഷൻ ആക്ടിലെ വകുപ്പ് 51(3) അനുസരിച്ച് കേരള ഗവർണ്ണറുടെ അംഗീകാരത്തോടെ പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം തിരുവനന്തപുരത്ത് സ്ഥാപിച്ച ഹൈക്കോടതി ബഞ്ച് ഗവർണ്ണറുടെ അനുമതിയില്ലാതെ ഏകപക്ഷീയമായി ഒരു ഉത്തരവിലൂടെ ഹൈക്കോടതി എടുത്തുമാറ്റുകയാണ് ചെയ്തത്. ഇത് നിയമപരമായി നിലനിൽക്കുന്നതല്ല. ആ വിജ്ഞാപനം നിലനിൽക്കുന്നതുകൊണ്ട് ഹൈക്കോടതി ബഞ്ച് തിരുവനന്തപുരത്ത് തുടർന്ന് പ്രവർത്തിക്കുന്നതിന് യാതൊരു നിയമ തടസ്സവുമില്ല. കേരള നിയമസഭ രണ്ട് പ്രാവശ്യം ഇതുസംബന്ധിച്ച് ഏകകണ്ഠമായി പ്രമേയം പാസ്സാക്കുകയും ഇക്കാര്യം ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി. ഈ ആവശ്യം ഏകപക്ഷീയമായി നിരസിച്ചുകൊണ്ട് 2007 ഡിസംബർ 14-ന് ചീഫ് ജസ്റ്റിസ്

മുഖ്യമന്ത്രിക്ക് മറുപടി നൽകിയിട്ടുണ്ട്. ഇത് നീതിക്ക് നിരക്കുന്നതല്ല. ജനങ്ങളുടെ അഭിലാഷം മാനിക്കാൻ എല്ലാ ഭരണഘടനാ സ്ഥാപനങ്ങൾക്കും ബാധ്യതയുണ്ട്. സ്റ്റേറ്റ് റി-ഓർഗനൈസേഷൻ ആക്ടിലെ 51(2) വകുപ്പ് പ്രകാരം ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന് ചീഫ് ജസ്റ്റിസുമായി ആലോചിച്ചാൽമതി; അദ്ദേഹത്തിന്റെ അനുമതി കൂടാതെ ഇത് നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിന് അധികാരമുണ്ട്. പല സംസ്ഥാനങ്ങളിലും ഇപ്രകാരം ഹൈക്കോടതി ബഞ്ച് അനുവദിച്ചിട്ടുണ്ട്. അതിനാൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ ഇൻഡ്യൻ പ്രസിഡന്റിനുമേൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്. തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് പുന:സ്ഥാപിക്കുന്ന കാര്യത്തിൽ ഇടതുപക്ഷജനാധിപത്യ മുന്നണിയും സംസ്ഥാന സർക്കാരും പ്രതിജ്ഞാബദ്ധമാണ്. അതിനായി സംസ്ഥാന സർക്കാർ മുൻകൈയെടുക്കുന്നതാണ്.

**സബ്മിഷൻ**

(1) കശുവണ്ടി വികസന കോർപ്പറേഷനിൽ നിന്നും വിരമിച്ച തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

ശ്രീ. എ.എ. അസീസ്: സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽനിന്നും കാപ്പെക്സിൽനിന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ഇനത്തിൽ കൊടുക്കുമെന്ന് നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള തുക എത്രയുംവേഗം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): കശുവണ്ടി കോർപ്പറേഷനിൽനിന്ന് വിരമിച്ച 9893 തൊഴിലാളികൾക്ക് 10

വർഷക്കാലയളവിലെ ഗ്രാറ്റുവിറ്റി ഇനത്തിലുള്ള കുടിശ്ശികയായി 37.5 കോടി രൂപയും കാപ്പെക്സിൽ നിന്ന് വിരമിച്ച തൊഴിലാളികൾക്ക് ഈ ഇനത്തിൽ 4.11 കോടി രൂപയും നൽകാനുണ്ട്. ബഡ്ജറ്റ് അംഗീകരിച്ചുകഴിഞ്ഞാലുടൻ തന്നെ ഈ തുക കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇവർക്കുള്ള പെൻഷൻ തുക ഉപധനാഭ്യർത്ഥനകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉപധനാഭ്യർത്ഥന പാസ്സാകുന്ന മുറയ്ക്ക് അത് കൊടുക്കുന്നതാണ്.

(2) മരുന്നു ക്ഷാമം

ശ്രീ. കെ.സി. ജോസഫ്: ഡി.എം.ഇ.യും ഡി.എച്ച്.എസ്സും തയ്യാറാക്കിയതും 2008-09 സാമ്പത്തിക വർഷത്തേയ്ക്ക് വേണ്ടിവരുന്നതുമായ മരുന്നുകളുടെ ഇന്റന്റ് കണക്കിലെടുക്കാതെ വളരെ ചുരുങ്ങിയ അളവിലുള്ള മരുന്നുകൾക്ക് മാത്രമാണ് ഓർഡർ നൽകിയിരിക്കുന്നത്. ഒരു വർഷത്തേയ്ക്ക് ആവശ്യമായ മരുന്നിന് ഒരുമിച്ച് ടെണ്ടർ വിളിച്ച് ഓർഡർ നൽകിയാൽ അവ കുറഞ്ഞ വിലയ്ക്ക് ലഭിക്കുമായിരുന്നു. പല പ്രാവശ്യം ഓർഡർ നൽകി മരുന്ന് വാങ്ങിയാൽ വില വർദ്ധിക്കുന്നതനുസരിച്ച് ഖജനാവിന് നഷ്ടമുണ്ടാകുന്നതിനുപുറമേ രൂക്ഷമായ മരുന്ന് ക്ഷാമവും ഉണ്ടാകാനിടയുണ്ട്. അതുകൊണ്ട് സംസ്ഥാനത്ത് ചിക്കുൻഗുനിയ പോലുള്ള മാരകരോഗങ്ങൾ ഇനിയും പകരാനിടയുണ്ടെന്ന് ലോകാരോഗ്യ സംഘടന മുന്നറിയിപ്പ് നൽകിയിരിക്കുന്ന സാഹചര്യത്തിൽ കഴിഞ്ഞ വർഷത്തെ മരുന്നുകളുടെ ഉപഭോഗവും ആരോഗ്യമേഖലയിലെ ആവശ്യങ്ങളും കണക്കിലെടുക്കാതെ നൽകിയിരിക്കുന്ന ഓർഡർ പുന:പരിശോധിക്കണം; ഇക്കാര്യത്തിലുള്ള ഗവണ്മെന്റിന്റെ നയം വ്യക്തമാക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കേരളത്തിലെ ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സംസ്ഥാന ആരോഗ്യമേഖലയിലെ മരുന്ന് സംഭരണ/വിപണന രംഗത്ത് നിലനിൽക്കുന്ന അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനും വേണ്ടി രൂപീകരിച്ച സംസ്ഥാന മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ടെണ്ടർ ക്ഷണിച്ചിരിക്കുന്നത് വെബ്സൈറ്റ് വഴിയായതിനാൽ ദേശീയതലത്തിൽ ആർക്കും ഇതിൽ അപേക്ഷിക്കാവുന്നതാണ്. ഈ സംവിധാനം കാരണം മരുന്ന് ക്ഷാമം ഉണ്ടാവുകയില്ല. ഇന്റന്റ് കണക്കാക്കിത്തന്നെയാണ് മരുന്നിന് ഓർഡർ കൊടുത്തിട്ടുള്ളത്. ഇതുവഴി സംസ്ഥാന ഖജനാവിന് കോടിക്കണക്കിന് രൂപയുടെ ലാഭമുണ്ടാവും. ചില രോഗങ്ങൾക്ക് സെൻട്രൽ ഗവൺമെന്റ് മരുന്ന് നൽകുന്നുവെന്നതുകൊണ്ടാണ് അതുമായി ബന്ധപ്പെട്ട മരുന്നുകൾ കുറച്ചത്. 14 ജില്ലാ സ്റ്റോറുകളിലായി കെട്ടിക്കിടക്കുന്ന മരുന്നുകളുടെ സ്റ്റോക്ക് കണക്കാക്കുന്നതിനുള്ള സംവിധാനമായിട്ടുണ്ട്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ തമിഴ്നാട് മോഡലിൽ പ്രവർത്തിച്ചുതുടങ്ങിയാൽ 3 മാസംവരെ മരുന്ന് സംഭരിച്ചുവയ്ക്കാനുള്ള സംവിധാനമുണ്ടാകും. ടെണ്ടർ സ്വീകരിക്കുന്ന കമ്പനി അതേ വിലയ്ക്ക് തന്നെ മരുന്ന് ഒരു വർഷത്തേയ്ക്ക് തരണമെന്നാണ് വ്യവസ്ഥ. അതുകൊണ്ട് മരുന്നിന്റെ വില കൂടുകയില്ല. ഈ സംവിധാനം വഴി ഖജനാവിൽ നിന്ന് കോടിക്കണക്കിന് രൂപ ചോരുന്നത് തടയാനും അനാവശ്യ മരുന്നുപഭോഗം കുറയ്ക്കാനും സാധിക്കും.

(3) അഭിഭാഷക സംഘടനകളും മറ്റും നടത്തിവരുന്ന സമരം

ശ്രീ. വി. സുരേന്ദ്രൻപിള്ള: തിരുവനന്തപുരത്ത് ഫയലിംഗ് അധികാരത്തോടുകൂടിയ ഒരു ഹൈക്കോടതി ബെഞ്ച്

സ്ഥാപിക്കുന്നതിനുവേണ്ടി ഈ മാസം 5-ാം തീയതി മുതൽ വഞ്ചിയൂരിൽ അഭിഭാഷകരടക്കമുള്ളവർ സത്യാഗ്രഹം നടത്തിവരികയാണ്. ജനപ്രതിനിധികൾ ഒരു ദിവസത്തെ ഉപവാസം നടത്തി. അതീവ ഗുരുതരമായ ഈ പ്രശ്നം പരിഹരിക്കുന്നതിന് ബഡ്ജറ്റിൽ ഒരു കോടി രൂപ മാറ്റിവയ്ക്കുന്നതിനുപുറമേ നിയമ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു സർവ്വകക്ഷി സംഘം കേന്ദ്ര സർക്കാരിനെയും കേന്ദ്ര നിയമ വകുപ്പുമന്ത്രിയെയും അടിയന്തിരമായി സന്ദർശിക്കുകയും ഹൈക്കോടതി ഫുൾ ബെഞ്ച് നടത്തിയ റെഫറൻസ് പരിശോധിക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): തിരുവനന്തപുരത്ത് ഫയലിംഗ് അധികാരത്തോടുകൂടിയുള്ള ഒരു ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വഞ്ചിയൂർ കോടതി കോംപ്ളക്സിന് മുന്നിൽ നടക്കുന്ന 12 മണിക്കൂർ നിരാഹാര സമരത്തിൽ എല്ലാ വിഭാഗത്തിൽപ്പെട്ട അഭിഭാഷകരും അഭിഭാഷക ഗുമസ്തൻമാരും പങ്കെടുക്കുന്നുണ്ട്. ജില്ലയിലെ മറ്റ് കോടതി ആസ്ഥാനങ്ങളിലും ശക്തമായ സമരം നടക്കുന്നതിനാൽ കോടതികളുടെ പ്രവർത്തനത്തെപ്പോലും സമരം ബാധിച്ചിട്ടുണ്ട്. കേരള നിയമസഭ രണ്ടുപ്രാവശ്യം ഏകകണ്ഠമായി ആവശ്യപ്പെട്ട ഇക്കാര്യം നേടിയെടുക്കുന്നതിനായി മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെട്ട ഒരു സർവ്വകക്ഷി നിവേദക സംഘം കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനായി പോകണമെന്നാണ് സർക്കാരിന്റെ അഭിപ്രായം. തിരുവനന്തപുരത്ത് ഹൈക്കോടതി ബെഞ്ച്

സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ ഒരു കോടി രൂപ മാറ്റി വയ്ക്കണമെന്ന ആവശ്യം ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ പരിഗണിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(4) ശബരി റെയിൽപാത നിർമ്മാണം

ശ്രീ. പി. സി. ജോർജ്: ശബരി റെയിൽപാത നിർമ്മാണത്തിന് ലൈൻ നിശ്ചയിച്ചതിലെ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ഇപ്പോൾ അങ്കമാലിയിൽ നിന്ന് എരുമേലി വരെയുള്ള റെയിൽപാതയുടെ ലൈൻ സർവേ പൂർത്തീകരിച്ചിരിക്കുകയാണ്. റോഡിൽക്കൂടി യാത്ര ചെയ്താൽ 133 കി.മീ. മാത്രം ദൂരം വരുന്ന ഈ പാതയ്ക്ക് റെയിൽപ്പാത വരുമ്പോൾ 147 കി.മീ. ദൂരം യാത്രചെയ്യേണ്ടിവരും. അതുകൊണ്ട് ഈ അലൈൻമെന്റ് മാറ്റണം. ഇക്കാര്യത്തെക്കുറിച്ച് പാലാ, പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി, വാഴൂർ തുടങ്ങിയ മണ്ഡലങ്ങളെ പ്രതിനിധാനം ചെയ്യുന്ന ജനപ്രതിനിധികളുമായി റവന്യൂ വകുപ്പുമന്ത്രി ചർച്ച ചെയ്യണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കേന്ദ്ര റെയിൽവേ മന്ത്രാലയം അംഗീകരിച്ച ശബരി റെയിൽപാതയുടെ സ്ഥലം ഏറ്റെടുപ്പും നിർമ്മാണ പ്രവർത്തനവും സംബന്ധിച്ച് 4-1-08-ൽ എറണാകുളം ജില്ലയിലെ എം.എൽ.എ. മാരെയും എം.പി.മാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും വിളിച്ച് ചർച്ച ചെയ്ത് സ്ഥലം ഏറ്റെടുപ്പ് fast track-ൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുവേണ്ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ സ്ഥലം 29-02-2008-ന് മുമ്പ് റെയിൽവേയ്ക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ദക്ഷിണ റെയിൽവേ അധികാരികൾ നൽകിയ മറുപടിയിൽ

ഈ റെയിൽപാതയുടെ അലൈൻമെന്റ്, പല തരത്തിലുള്ള ഭൂപ്രദേശങ്ങൾ സർവേ ചെയ്ത് തീർപ്പാക്കിയിട്ടുള്ളതാണെന്നും ഇപ്പോഴത്തെ അലൈൻമെന്റിൽ പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ട് പരമാവധി ഒഴിവാക്കിക്കൊണ്ട് റെയിൽവേ ലൈൻ കടന്നുപോകുന്ന, നിർബന്ധമായും ഉൾപ്പെടുത്തേണ്ട സ്ഥലങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുമാണ് നടത്തിയിട്ടുള്ളതെന്നുമാണ് അറിയിച്ചിരിക്കുന്നത്. എങ്കിലും ഇക്കാര്യത്തിൽ എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് റെയിൽവേ അധികാരികളുമായി ആലോചിക്കുന്നതു കൂടാതെ പാലാ, പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി, വാഴൂർ തുടങ്ങിയ മണ്ഡലങ്ങളെ പ്രതിനിധാനം ചെയ്യുന്ന ജനപ്രതിനിധികളെ വിളിച്ച് അവരുടെ ആവശ്യം കൂടി കേട്ടുകൊണ്ട് തുടർ നടപടി സ്വീകരിക്കുന്നതാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): എം.പി. മാരുടെ കോൺഫറൻസിൽ വളരെ ശക്തമായി ഉന്നയിക്കപ്പെട്ട ഒരു വിഷയമാണിത്. സ്ഥലം ഏറ്റെടുത്ത് കൊടുക്കുന്ന കാര്യത്തിൽ എല്ലാ ജനപ്രതിനിധികളുംകൂടി ആലോചിച്ച് ഒരു സമന്വയം ഉണ്ടാക്കി സമയബന്ധിതമായി കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകണം.

## (5) റേഷൻ കാർഡുകൾ പുതുക്കി നൽകുന്നതിലുള്ള കാലതാമസം

ശ്രീ. എം. മുരളി: സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ നൽകുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസം ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിരിക്കുകയാണ്. ഇതുമൂലം പാസ്പോർട്ട് എടുക്കാൻ അപേക്ഷകൾ നൽകുന്നതിനോ, ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാന സഹായങ്ങൾ ലഭ്യമാക്കുന്നതിനോ, ബാങ്ക്ലോണുകൾ എടുക്കുന്നതിനോ കഴിയുന്നില്ല. ഈ മാസം തന്നെ പുതുക്കിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): വലിയ കാലതാമസമില്ലാതെ അടിയന്തിരമായി പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതാണ്. എ.പി.എൽ/ബി.പി.എൽ. ലിസ്റ്റിന്റെ കാര്യത്തിൽ എ.പി.എൽ., ബി.പി.എൽ. വിഭാഗക്കാരെ കണ്ടെത്തുന്നതിന് ഗ്രാമസഭകളിൽ പരിശോധന നടക്കുന്നുണ്ട്. ഗൃഹനാഥന്റെ ഫോട്ടോ പതിച്ച റേഷൻ കാർഡുകളാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഫോട്ടോ എടുക്കാൻ കഴിയാത്തവർക്ക് വീണ്ടും അവസരം നൽകുന്നതാണ്. താലൂക്ക് സപ്ലൈ ഓഫീസുകളിലും സിറ്റി റേഷനിംഗ് ഓഫീസുകളിലും ഡേറ്റാ അപ്ഡേഷൻ കെൽട്രോൺ നടത്തിക്കൊണ്ടിരിക്കുകയാണ്. റേഷൻ കാർഡിന്റെ ഇന്നർ ഷീറ്റുകൾ ഗവൺമെന്റ് പ്രസ്സിൽ അച്ചടിക്കുന്നതാണ്. അത്യാവശ്യക്കാർക്ക് താൽക്കാലിക റേഷൻ കാർഡുകൾ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മാർച്ച്മാസം അവസാനത്തോടെ പുതുക്കിയ റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്.

## (6) ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിലെ വിവേചനം

ശ്രീ. കെ.ബി. ഗണേഷ് കുമാർ: കേരളത്തിന്റെ കിഴക്കൻ മലയോര പ്രദേശങ്ങളിലും തോട്ടം മേഖലയിലും കുടിയേറിപ്പാർക്കുന്ന ഹിന്ദു പള്ളർ സമുദായങ്ങൾക്ക് ജാതിസർട്ടിഫിക്കറ്റ് നൽകുന്നതിന് വിവേചനം കാണിക്കുന്നു. ഇടുക്കി അടക്കമുള്ള ജില്ലകളിൽ ഇതേ സമുദായത്തിൽപ്പെട്ടവർക്ക് കേരളത്തിൽ നിലവിലുള്ള സംവരണാനുകൂല്യങ്ങൾ കിട്ടത്തക്ക രീതിയിൽ പട്ടികജാതി സർട്ടിഫിക്കറ്റ് നൽകുന്നു. കൊല്ലം ജില്ലയിൽ ഇവർക്ക് ഹിന്ദു പള്ളർ (തമിഴ്നാട്) എന്നെഴുതിയ സർട്ടിഫിക്കറ്റാണ് വിതരണം ചെയ്യുന്നത്. 50 കൊല്ലം മുമ്പ് കേരളത്തിൽ കുടിയേറിയതാണെന്നും അതിനുമുമ്പ് ഈ സമു

ദായത്തിലായിരുന്നുവെന്നും തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കൊണ്ടുവരാൻ പറഞ്ഞ് ഇവരെ വില്ലേജ് ഓഫീസർമാരും തഹസീൽദാരും ബുദ്ധിമുട്ടിക്കുക യാണ്. ചെറിയ സാങ്കേതിക കാരണങ്ങളുടെ പേരിൽ ഇവരുടെ ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിലെ വിവേചനം അവസാനിപ്പിച്ച് എത്രയും പെട്ടെന്ന് സർട്ടിഫിക്കറ്റ് നൽകി പ്രശ്നത്തിന് പരിഹാരം കാണണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ .കെ. ബാലൻ): ഹിന്ദു പള്ളർ സമുദായത്തിൽപ്പെട്ടവരുടെ പൂർവ്വികർ 1950-നു മുമ്പ് കേരളത്തിൽ വന്ന് സ്ഥിരതാമസമാക്കിയവരാണോ എന്ന് പരിശോധിച്ച തിനുശേഷം മാത്രമാണ് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത്. ഇപ്രകാരം അർഹ തയുള്ളവർക്ക് റവന്യൂ അധികാരികൾ വേണ്ടത്ര അന്വേഷണം നടത്തി സർട്ടി ഫിക്കറ്റ് നൽകുന്നുണ്ട്. ഇടുക്കി, കോട്ടയം ജില്ലകളിൽ പട്ടികജാതി പള്ളൻ സമുദായക്കാർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് ബുദ്ധിമുട്ടില്ല. കൊല്ലം ജില്ല യിൽ താമസിക്കുന്ന പട്ടികജാതി പള്ളർ എന്ന് അവകാശപ്പെടുന്ന വിഭാഗ ത്തിൽപ്പെട്ടവരും ഇടുക്കി, കോട്ടയം ജില്ലയിലെ പള്ളൻ വിഭാഗത്തിൽപ്പെട്ട വരും വ്യത്യസ്ത സമുദായത്തിൽപ്പെട്ടവരാണെന്ന് കിർത്താർഡ്സ് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. എന്നിരുന്നാലും അർഹതപ്പെട്ടവർക്ക് റവന്യൂ വകുപ്പ് പ്രത്യേക അന്വേഷണം നടത്തി ഇൻഡിവിഡുവലായി സർട്ടി ഫിക്കറ്റ് നൽകുന്നുണ്ട്. ഇന്ത്യൻ യൂണിയൻ പ്രസിഡന്റ് അംഗീകരിച്ചിട്ടുള്ള ഷെഡ്യൂൾഡ് ലിസ്റ്റിൽ പള്ളർ എസ്.സി അല്ല എന്നാണ് പറഞ്ഞിട്ടുള്ളത്. ഇവർക്ക് 2006 മുതലാണ് സർട്ടിഫിക്കറ്റ് കൊടുക്കാതിരിക്കുന്നതെങ്കിൽ അത് എന്തുകൊണ്ടാണെന്ന് അന്വേഷിക്കുന്നതാണ്.

(7) <u>നാഷണൽ ഹൈവേ വികസനത്തെത്തുടർന്ന് ഉണ്ടാകാവുന്ന ഗതാഗത പ്രശ്നങ്ങൾ</u>

**<u>ശ്രീ. ബി.ഡി. ദേവസ്സി :</u>** നാഷണൽ ഹൈവേ 47-ന്റെ വികസനത്തിന്റെ ഭാഗമായി ചാലക്കുടി-മാള റോഡിലുള്ള മുനിസിപ്പൽ ജംഗ്ഷനിൽ ഉണ്ടാകാനിടയുള്ള ഗതാഗത പ്രശ്നം ഫ്ളൈ ഓവർ നിർമ്മിച്ച് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഇതിന് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണം. അതോടൊപ്പം ദേശീയ പാത 47 നാലുവരിപ്പാതയാക്കുന്ന സന്ദർഭത്തിൽ ചാലക്കുടി മുനിസിപ്പൽ ജംഗ്ഷൻ നിലനിർത്തി പൊതുജനങ്ങൾക്ക് മുമ്പുണ്ടായിരുന്ന ഗതാഗത സൗകര്യം ഉറപ്പുവരുത്തണം.

**മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. മോൻസ് ജോസഫ്</u>):** ദേശീയപാത 47 നാലുവരിപ്പാതയാക്കി വികസിപ്പിക്കുമ്പോൾ ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിലുണ്ടാകുന്ന ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് കേന്ദ്ര സർക്കാരിനോടും നാഷണൽ ഹൈവേ അതോറിറ്റി അധികൃതരോടും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ-അങ്കമാലി ഭാഗം നാലുവരിപ്പാതയാക്കുന്ന അവസരത്തിൽ ചാലക്കുടി സ്റ്റാച്യൂ ജംഗ്ഷനിൽ നിർമ്മിക്കുന്ന ഫ്ളൈ ഓവർ ചാലക്കുടി മുനിസിപ്പൽ ജംഗ്ഷൻ കവർ ചെയ്യുന്ന വിധത്തിലായിരുന്നില്ല പ്രോജക്ടിൽ ചേർത്തിരുന്നത്. 21-7-2003-ൽ സർവ്വേ നടത്തിയപ്പോൾ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം നടന്നിരുന്നതുമൂലം ചാലക്കുടി-മാള റോഡിലെ ഗതാഗതം തിരിച്ചുവിട്ടിരുന്നതിനാൽ പ്രസ്തുത റോഡിലെ യാത്രക്കാരുടെ തിരക്കും ഗതാഗതത്തിന്റെ തോതും കേന്ദ്ര സർവ്വേ ഉദ്യോഗസ്ഥർ മനസ്സിലാക്കാതെ പോയതിനാൽ ജനങ്ങൾക്ക് അത്യന്താപേക്ഷിതമായ ചാലക്കുടി മുനിസിപ്പൽ ജംഗ്ഷൻ ഭാഗം ഒഴിവാക്കപ്പെടാനി

ടയായി. 5-3-2007-ൽ ചാലക്കുടി ഭാഗത്ത് വീണ്ടും ട്രാഫിക് സർവ്വേ നടത്തണമെന്ന് സംസ്ഥാന സർക്കാർ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയോട് ആവശ്യപ്പെടുകയുണ്ടായി. ജനങ്ങളുടെ താൽപര്യം പരിഗണിച്ച് പദ്ധതി പുന:ക്രമീകരിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകാതെ വന്നതിന്റെ അടിസ്ഥാനത്തിൽ വീണ്ടും നിവേദനം നൽകുകയുണ്ടായി. 2008 ജനുവരി മാസം 29-ാം തീയതി ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന യോഗം വിളിച്ച് ചർച്ച ചെയ്തു. കൂടാതെ പി.ഡബ്ല്യു.ഡി. സെക്രട്ടറിയും, ദേശീയ പാത വിഭാഗം ചീഫ് എഞ്ചിനീയറും ഡൽഹിയിൽ പോയി എൻ.എച്ച്.എ.ഐ. പ്രതിനിധികളുമായി ചർച്ച നടത്തിയെങ്കിലും കേന്ദ്ര നിലപാടിൽ മാറ്റം വരുത്തിയിട്ടില്ല. എൻ.എച്ച്.എ.ഐ-യുടെ നിലപാടിൽ അടിയന്തിരമായി മാറ്റം വരുത്തി ഫ്ളൈ ഓവർ നിർമ്മിക്കാനും അടിപ്പാത നിർമ്മിക്കാനും തയ്യാറാകുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ തുടർന്നും സമ്മർദ്ദം ചെലുത്തുന്നതും പ്രശ്നപരിഹാരത്തിനായി ചർച്ച നടത്തുന്നതുമാണ്.

### (8) കെ.ഇ.ആർ. പരിഷ്ക്കരണം

**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:** കേരളത്തിലെ വിദ്യാഭ്യാസ നിയമങ്ങളും ചട്ടങ്ങളും പരിഷ്ക്കരിക്കാൻ വേണ്ടി നിയോഗിച്ച ശ്രീ. സി.പി. നായർ ചെയർമാനായ കമ്മിറ്റിയുടെ റിപ്പോർട്ട് ഒരു തുറന്ന ചർച്ചയ്ക്ക് വിധേയമാക്കണം.

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി):** കേരള വിദ്യാഭ്യാസ നിയമങ്ങളും ചട്ടങ്ങളും പരിഷ്ക്കരിക്കുന്നതിന് നിയോഗിച്ച ശ്രീ. സി.പി. നായർ ചെയർമാനായ കമ്മിറ്റിയുടെ റിപ്പോർട്ട് വിശദമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ നടപ്പിലാക്കുകയുള്ളൂ. ഗവൺമെന്റിന് ലഭ്യമായിട്ടുള്ള റിപ്പോർട്ട് ഗൗരവമായി പരിശോധിക്കേണ്ട

തായിട്ടുണ്ട്. കൂടാതെ, എൽ.ഡി.എഫ്-ലും പ്രതിപക്ഷ രാഷ്ട്രീയ നേതൃത്വ വുമായും മാനേജ്മെന്റുകളുമായും ഇക്കാര്യം ചർച്ച ചെയ്യേണ്ടതായിവരും. ഇത് നിശ്ചയദാർഢ്യത്തോടെ നടപ്പാക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചു. 1958-ലാണ് വിദ്യാഭ്യാസ നിയമം ഉണ്ടാക്കിയത്. 1959-ൽ വിദ്യാഭ്യാസ ചട്ടം ഉണ്ടാക്കിയതിനുശേഷം ഈ രംഗത്ത് വലിയ മാറ്റമുണ്ടാവുകയും ഭരണഘടനാ ഭേദഗതിയിലൂടെ വിദ്യാഭ്യാസം കൺകറണ്ട് ലിസ്റ്റിലാവുകയും ചെയ്തു. അതിനുശേഷം 73, 74 ഭരണഘടനാ ഭേദഗതികളിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസത്തിൽ സ്ഥാനംവന്നു. ഈ മാറ്റങ്ങൾ പ്ളസ് ടുവിന്റേയും പൊതുവിദ്യാഭ്യാസത്തിന്റേയും ഭാഗമായി. ഇതെല്ലാം കണക്കിലെടുത്ത് വിദ്യാഭ്യാസ നിയമത്തിലും ചട്ടത്തിലും മാറ്റം വരുത്തേണ്ടിവന്നു. അത് എങ്ങനെ മാറ്റണമെന്നുള്ളത് എല്ലാ വിഭാഗങ്ങളുമായി ചർച്ച ചെയ്ത് മാത്രമേ ഗവൺമെന്റ് തീരുമാനം എടുക്കൂ.

**(9) കേരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

ശ്രീ. പി. വിശ്വൻ : നാളികേര ഉൽപ്പാദന രംഗത്ത് വളരെ മുൻപന്തിയിൽ നിൽക്കുന്ന കോഴിക്കോട് ജില്ലയിൽ നാളികേരത്തിന് വില കുറഞ്ഞതുകൊണ്ടും തെങ്ങുകൾക്ക് കൂമ്പ് ചീയൽ രോഗം ബാധിച്ചതുമൂലവും പ്രതിസന്ധി നേരിടുകയാണ്. കൂമ്പ് ചീയൽ രോഗംമൂലം നശിക്കുന്ന തെങ്ങുകൾ റീപ്ളാന്റ് ചെയ്യാൻ സാധിക്കുകയില്ല. ഉള്ള മണ്ഡരിരോഗംമൂലം നാളികേരങ്ങളുടെ തൂക്കം കുറഞ്ഞുകൊണ്ടിരിക്കു കയാണ്. ഇക്കാരണങ്ങളാൽ കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക നഷ്ടം കോഴിക്കോട് ജില്ലയിൽ ഉണ്ടാവുകയാണ്. ദുരിതബാധിത വിളയായി

പ്രഖ്യാപിച്ചോ പാക്കേജ് കൊണ്ടുവന്നോ ഇതിന് അടിയന്തിര പരിഹാരം കണ്ടെത്തണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : ഈ പ്രശ്നത്തിൽ കോഴിക്കോട് ജില്ലയിൽ ജനപ്രതിനിധികളുടെ യോഗം വിളിക്കുകയും ചില ആശ്വാസ നടപടികൾ ഗവൺമെന്റ് കൈകൊള്ളുകയും ചെയ്തു. കോഴിക്കോട് ജില്ലയിലെ വിത്ത് തേങ്ങ സംഭരണ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള കൂമ്പ് ചീയൽ രോഗബാധയുള്ള പ്രദേശങ്ങൾക്കായി 337.50 ലക്ഷം രൂപയുടെ ഒരു പ്രത്യേക പദ്ധതി ഗവൺമെന്റ് അനുവദിച്ചു. രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പുതിയവ വച്ചുപിടിപ്പിക്കുന്നതിനും രോഗ പ്രതിരോധ മരുന്നുതളിയുമാണ് ഈ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത്. ഇതിനുപുറമേ കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര കൃഷി വകുപ്പുമന്ത്രി രോഗബാധിത പ്രദേശങ്ങൾ സന്ദർശിക്കണമെന്ന് നിവേദനം നൽകിയിട്ടുണ്ട്. രോഗനിവാരണത്തിനായി കാർഷിക സർവ്വകലാശാലയും സംസ്ഥാന കൃഷി വകുപ്പുമായി നടത്തിയ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് ഐ.സി.എ.ആർ.-ലെ ഒരു ശാസ്ത്ര സംഘത്തിന്റെ സേവനം ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോഴുള്ള പദ്ധതികളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിൽ കൂമ്പ് ചീയൽ രോഗബാധിത പ്രദേശങ്ങളിൽ നടത്തിയ പ്രതിരോധ നടപടികൾ കോഴിക്കോട് ജില്ലയിലും നടപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**(10) പി.ജി. കോഴ്സുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി : 1982-ൽ ആരംഭിച്ച എല്ലാ ഭൗതിക സാഹചര്യങ്ങളുമുള്ള തിരൂർ-തുഞ്ചൻ സ്മാരക ഗവൺമെന്റ് കോളേജിൽ

മലയാളം, അറബി, കോമേഴ്സ് എന്നീ വിഷയങ്ങളിൽ പി.ജി. കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. മലപ്പുറം, പെരുന്തൽമണ്ണ, തിരൂർ എന്നീ സ്ഥലങ്ങളിലുള്ള മൂന്ന് ഗവൺമെന്റ് കോളേജുകൾക്കും പ്രത്യേക പരിഗണന നൽകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ഈ വിഷയം ഗവൺമെന്റിന്റെ പരിഗണനയിലാണ്. തിരൂർ തുഞ്ചൻ സ്മാരക ഗവൺമെന്റ് കോളേജ് ഉൾപ്പെടെ 11 കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം കൊളീജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനയിലാണ്. ഈ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട് ജനുവരി 15-ാം തീയതി പ്രിൻസിപ്പൽമാരുടെ യോഗം നടന്നു. ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഈ നിർദ്ദേശങ്ങൾ പരിശോധിച്ച് അഭിപ്രായങ്ങൾ രേഖപ്പെടുത്തേണ്ടതുണ്ട്. സർവ്വകലാശാലകളുടെ അനുവാദത്തിന് വിധേയമായി പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ശുപാർശ ഗവൺമെന്റിലേയ്ക്ക് അയയ്ക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

## (11) പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനുള്ള മാനദണ്ഡങ്ങൾ

ശ്രീ. ബാബു എം. പാലിശ്ശേരി : പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ലഭിക്കണമെങ്കിൽ 60 ശതമാനം മാർക്ക് വേണമെന്ന് കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിരിക്കുകയാണ്. വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുന്ന ഈ തീരുമാനം തിരുത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : കേന്ദ്ര ഗവൺമെന്റിന്റെ ഈ തീരുമാനം മാറ്റണമെന്ന് സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയും ഈ വിഷയം ഉന്നയിച്ചിട്ടുണ്ട്. ശ്രീ. എ.കെ ആന്റണിയെക്കൊണ്ടും ഇക്കാര്യം കേന്ദ്രത്തിൽ ഉന്നയിച്ചിട്ടുണ്ട്. ഈ തീരുമാനം കേന്ദ്ര ഗവൺമെന്റ് പുന:പരിശോധിക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റും സ്റ്റൈപെന്റും 50 ശതമാനംകണ്ട് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂട്ടായ പരിശ്രമത്തിലൂടെ കേന്ദ്രത്തിന്റെ തെറ്റായ തീരുമാനം തിരുത്തിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

### (12) എംപ്ലോയീസ് ആന്റ് ടീച്ചേഴ്സ് ഓർഗനൈസേഷൻ നടത്തുന്ന സെക്രട്ടേറിയറ്റ് ധർണ

ശ്രീ. കെ. ബാബു : വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് എംപ്ലോയീസ് ആന്റ് ടീച്ചേഴ്സ് ഓർഗനൈസേഷൻ സെക്രട്ടേറിയറ്റിന് മുന്നിൽ ഇന്ന് ധർണ നടത്തുകയാണ്. അവരുടെ ആവശ്യങ്ങൾക്ക് അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ഒരു വിഭാഗം സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും നടത്തുന്ന ധർണ അനാവശ്യവും രാഷ്ട്രീയ പ്രേരിതവുമാണ്. ജീവനക്കാരുടെ അവകാശങ്ങൾ അനുവദിച്ചുനൽകുന്നതിൽ ഏറ്റവും കൂടുതൽ ശ്രദ്ധപതിപ്പിച്ച ഗവൺമെന്റാണിത്. എട്ടാം ശമ്പള കമ്മീഷന്റെ ശുപാർശകൾ ജീവനക്കാർക്ക് പൂർണ്ണമായി നടപ്പാക്കി. 32 ശതമാനം

ഡി.എ.യും അനുവദിച്ച് കുടിശ്ശിക ഇല്ലാതാക്കി. ഓണക്കാലത്ത് വിതരണം ചെയ്യുന്ന അഡ്വാൻസിന്റെയും ബോണസിന്റെയും പരിധി വർദ്ധിപ്പിച്ചു. താഴ്ന്ന തസ്തികയിലെ ആറ് സ്കെയിലുകൾ പരിഷ്ക്കരിച്ചു. വിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായ പരിഷ്ക്കാരങ്ങൾ അനിവാര്യമാണ്. എല്ലാ പരിഷ്ക്കാരങ്ങളും ചർച്ച ചെയ്ത് മാത്രമേ നടപ്പാക്കുകയുള്ളൂ. പെൻഷൻ പ്രായം 60 വയസായി ഉയർത്തുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. നിയമാനുസൃതമുള്ള നടപടിക്രമങ്ങളിലൂടെയാണ് ജീവനക്കാരുടെ സ്ഥലംമാറ്റവും പ്രൊമോഷനും നടത്തുന്നത്. സ്ഥലമാറ്റകാര്യത്തിൽ കൃത്യമായ മാനദണ്ഡം പാലിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഒറ്റപ്പെട്ട സംഭവമുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടി സ്വീകരിക്കുന്നതാണ്. ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

**(13) <u>കരിങ്കൽക്വാറി അപകടങ്ങളിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് ധനസഹായം</u>**

<u>പ്രൊഫ : എൻ. ജയരാജ്</u> : വാഴൂർ നെടുംകുന്നം പഞ്ചായത്തിൽ അനധികൃതമായി നടത്തിയ പാറമടയിൽ അപകടത്തിൽപ്പെട്ട് മരണമടഞ്ഞ മൂന്ന് തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് യാതൊരുവിധ ധനസഹായവും ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടില്ല. ഈ കുടുംബങ്ങൾക്ക് ധനസഹായം എത്തിക്കുന്നതിന് നടപടി സ്വീകരിക്കണം. കോട്ടയത്ത് പല ജില്ലകളിലും അനധികൃതമായി പ്രവർത്തിക്കുന്ന പാറമടകളിൽ ജോലി

ചെയ്യുന്ന തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഈ വിവരം അറിഞ്ഞ ഉടനെ കോട്ടയം ജില്ലാകളക്ടർക്ക് ആവശ്യമായ നിർദ്ദേശം നൽകി. കഴിഞ്ഞ ആഴ്ച ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ചു. നാളത്തെ മന്ത്രിസഭാ യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്ത് പരമാവധി സഹായം നൽകും. കഴിഞ്ഞ മൂന്നുമാസത്തിനുള്ളിൽ നിരവധി കരിങ്കൽക്വാറികളിൽ വൻതോതിലുള്ള അപകടങ്ങളുണ്ടായി. അന്യസംസ്ഥാനങ്ങളിലെ തൊഴിലാളികളും ക്വാറികളിൽ പണിയെടുക്കുന്നുണ്ട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി . ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

### ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. കെ.വി. കുഞ്ഞിരാമൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില നൽകാൻ കേന്ദ്രഗവൺമെന്റ് തയ്യാറാകണം. രാജ്യത്തിന്റെ നിലനിൽപ്പിന്റെ അടിത്തറയായ ഭക്ഷ്യഭദ്രതയെ

തകർക്കുന്ന നടപടികളാണ് കേന്ദ്രഗവണ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വിലക്കയറ്റം പിടിച്ചു നിർത്താനാവശ്യമായ പരിശ്രമങ്ങൾ നടത്തുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിനെ താറടിച്ചു കാണാൻ ശ്രമിക്കുന്ന പ്രതിപക്ഷത്തിന്റെ നയത്തെ കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും 1966-ൽ കേരളത്തിൽ നടപ്പിലാക്കിയ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായമനുസരിച്ച് ജനസംഖ്യാനുപാതത്തെ അടിസ്ഥാനമാക്കി കേരളത്തിന് ഭക്ഷ്യധാന്യങ്ങൾ നൽകാനുള്ള ബാദ്ധ്യത കേന്ദ്രഗവണ്മെന്റിനുണ്ട്. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി വില നിയന്ത്രിക്കാൻ നിരവധി നടപടികൾ ഈ ഗവണ്മെന്റ് സ്വീകരിച്ചു. സഹകരണ വിപണനം കേരളീയം എന്ന പദ്ധതിയിലൂടെ സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആയിരക്കണക്കിന് സ്റ്റോറുകൾ ആരംഭിക്കുകയും ജനങ്ങൾക്ക് ന്യായവിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. മതനിരപേക്ഷതയും ഭക്ഷ്യഭദ്രതയും ഐക്യവും കാത്തുസൂക്ഷിക്കാനാവശ്യമായ നടപടി കേന്ദ്രഗവണ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തി കേരളത്തിന് അർഹമായത് നേടിയെടുക്കാനാണ് പ്രതിപക്ഷം ശ്രമിക്കേണ്ടത്. ദേശീയ ശരാശരി വച്ചു നോക്കുമ്പോൾ കേരളത്തിൽ കഴിഞ്ഞ വർഷം നടന്ന കൊലപാതകങ്ങളുടെയും കൊള്ളകളുടെയും നിരക്ക് വെറും 1.2 ശതമാനമാണ്. കേരളത്തിലെ ജനങ്ങൾക്ക് സ്വൈരജീവിതം നയിക്കാൻ കഴിയുന്ന ഭദ്രമായ ഒരു ക്രമസമാധാന നിലയാണ് ഇന്നുള്ളത്. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ പോലീസ് സംവിധാനത്തെ നല്ല

രീതിയിൽ സജ്ജീകരിക്കാനുള്ള നടപടികൾ ഈ ഗവണ്മെന്റ് സ്വീകരിച്ചിട്ടു ണ്ട്.

ശ്രീ. എ.പി. അനിൽ കുമാർ: നന്ദിപ്രമേയത്തെ എതിർക്കുകയാണ്. പട്ടികജാതി ക്ഷേമ പദ്ധതികളുടെ നടത്തിപ്പിനായി ഒരു പട്ടികജാതി പട്ടിക വർഗ്ഗക്ഷേമ കമ്മിഷൻ നിലവിൽ വന്നു എന്ന് നയപ്രഖ്യാപനത്തിൽ കാണു ന്നു. എന്നാൽ ഈ കമ്മിഷൻ രൂപീകരിക്കാൻ ഓർഡിനൻസ് കൊണ്ടുവന്ന് നിയമമാക്കിയത് കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റാണ്. ഈ കമ്മിഷനിൽ അംഗങ്ങളെ നിയമിക്കാനുള്ള നടപടിയുമായി മുന്നോട്ട് പോയപ്പോഴാണ് സംസ്ഥാന നിയമസഭയിലേയ്ക്കുള്ള ഇലക്ഷൻ ഡിക്ലയർ ചെയ്തത്. തുടർന്ന് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്ന് 21 മാസം കഴിഞ്ഞപ്പോഴാണ് കമ്മിഷനിലെ അംഗങ്ങളെ നിയമിച്ചത് എന്നുള്ളതാണ് യാഥാർത്ഥ്യം. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള സാമ്പത്തിക സഹായം, ചികിൽസാ ധനസഹായം എന്നിവയെല്ലാം കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് നടപ്പാക്കിയ കാര്യങ്ങളാണ്. ഭൂമി കയ്യേറ്റക്കാരെ മുഴുവൻ കയ്യാമം വച്ച് ഭൂമി മുഴുവൻ തിരിച്ചെടുക്കുമെന്നു പറയുന്ന ഈ സർക്കാരിന്റെ മന്ത്രിമാർ തന്നെ ഭൂമി വിൽപ്പന നടത്തുന്ന നടപടിയാണ് ഇന്ന് കാണുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ പ്രവർത്തന ശൈലി ജനങ്ങൾക്ക് എല്ലാ തരത്തിലുമുള്ള ദുരിതങ്ങളും പ്രയാസങ്ങളുമാണ് നൽകിയിരിക്കുന്നത്. കേരളത്തിലെ എല്ലാ മതവിഭാഗങ്ങളും ഈ ഗവ ണ്മെന്റിന് എതിരാണ്. പോലീസിനെ രാഷ്ട്രീയവൽക്കരിച്ചു. ഒരു കാലത്തുമി ല്ലാത്ത രീതിയിൽ ക്രമസമാധാന രംഗം തകർച്ചയെ നേരിടുകയാണ്. ആഗോ ളവൽക്കരണവും ഉദാരവൽക്കരണവും കടന്നുവന്നപ്പോൾപോലും പിടിച്ചു നിന്ന സഹകരണ മേഖലയിൽ ഇന്ന് നിക്ഷേപങ്ങൾ കുറ

ഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. സഹകരണരംഗത്ത് അഴിമതിയാണ് നടമാടുന്നതെന്ന് വകുപ്പുമന്ത്രി തന്നെ പ്രസ്താവിച്ചിരിക്കുകയാണ്. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖല ഒരു കാലത്തുമില്ലാത്ത രീതിയിൽ തകർന്ന് തരിപ്പണമായി. 21 മാസത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന്റെ ഭരണം കേരളത്തിലെ സമസ്തമേഖലകളെയും പരിപൂർണ്ണ പരാജയത്തിലേയ്ക്ക് എത്തിച്ചു.

<u>ശ്രീ. ബാബു പോൾ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കാർഷിക വ്യാവസായിക മേഖലകൾക്ക് മുന്തിയ പരിഗണനയാണ് ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗത്തിൽ നൽകിയിട്ടുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഏറ്റവും ദുരിതപൂർണ്ണമായിരുന്ന കാർഷിക മേഖലയിൽ ഒരു മാറ്റം വരുത്താൻ ഈ ഗവൺമെന്റിന്റെ 21 മാസക്കാലത്തെ ഭരണംകൊണ്ട് കഴിഞ്ഞിട്ടുണ്ട്. കർഷക ആത്മഹത്യകൾ ഗണ്യമായി കുറയ്ക്കുന്നതിനും ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് 50,000 രൂപവീതം ധനസഹായം നൽകുന്നതിനും അവരുടെ കാർഷിക വായ്പകൾ എഴുതിത്തള്ളുന്നതിനും നടപടി സ്വീകരിച്ചു. കർഷകർക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനും പാലക്കാട്, ആലപ്പുഴ ജില്ലകളിലെ നെൽകർഷകർക്ക് പലിശരഹിത വായ്പ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു. ഈ ഗവൺമെന്റ് രൂപീകരിച്ച കർഷക കടാശ്വാസ കമ്മീഷനും കർഷകർക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തുമെന്നുള്ള പ്രഖ്യാപനവും ഇന്ത്യയ്ക്കാകെ മാതൃകയാണ്. നെല്ല് സംഭരണത്തിൽ സ്വാഗതാർഹമായ നടപടികൾ സ്വീകരിച്ചു. വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകൾക്കായി പ്രത്യേക പാക്കേജ് പദ്ധതികൾ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിൽ നിന്നും 750 കോടി രൂപ നേടിയെടുക്കാൻ കഴിഞ്ഞു. പുതിയ തലമുറയെ കാർഷിക മേഖലയിലേയ്ക്ക് ആകർഷി

ക്കുന്നതിനായി ഒരു അഗ്രി പോളിടെക്നിക്ക് ആരംഭിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ആരംഭിച്ച പച്ചക്കറികൃഷി വ്യാപകമാക്കുന്നതിനും 1000 പച്ചക്കറി ഗ്രാമങ്ങൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു. സർക്കാർ ആശുപത്രികളിലെ ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ആരോഗ്യ മേഖല ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങുന്നതിനും 9 ജില്ലകളിൽ സ്ത്രീകളുടേയും കുട്ടികളുടേയും പ്രത്യേക ആശുപത്രികൾ തുടങ്ങുന്നതിനും ഉദ്ദേശിക്കുന്നു. വിലക്കയറ്റം തടയുന്നതിന് ശക്തമായ പൊതുവിതരണ സമ്പ്രദായം കൊണ്ടുവന്നു. പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അന്യാധീനപ്പെട്ട സർക്കാർ ഭൂമി പൂർണ്ണമായി തിരിച്ചുപിടിക്കുന്നതിനും അത് ഭൂരഹിതരായ പാവപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനും പാട്ട വ്യവസ്ഥ ലംഘിക്കുന്നവരിൽനിന്ന് ഭൂമി തിരിച്ചുപിടിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. വനം മാഫിയാസംഘങ്ങളെ പൂർണ്ണമായി ഇല്ലാതാക്കാനുള്ള നടപടികൾ സ്വീകരിച്ചു. വ്യാവസായിക രംഗത്ത് നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പലതും ലാഭകരമാക്കുന്നതിനും അടച്ചുപൂട്ടിയിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പലതും തുറന്നുപ്രവർത്തിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കയർ, കശുവണ്ടി, കൈത്തറി മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കുടിശ്ശിക കൊടുത്തുതീർക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു. കൂടുതൽ തൊഴില

വസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞവർഷം 10,000 കോടി രൂപയുടെ നിക്ഷേപ പ്രവർത്തനങ്ങൾ വ്യാവസായിക മേഖലയിലുണ്ടായിട്ടുണ്ട്. മാഫിയാ സംഘങ്ങളെ അടിച്ചമർത്തുന്നതിനും ക്രമസമാധാന പരിപാലനത്തിനും നടപടികൾ സ്വീകരിച്ചു.

ശ്രീ. പി.കെ. അബ്ദുറബ്ബ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. കഴിഞ്ഞ വർഷങ്ങളിലെ ഗവർണ്ണറുടെ പ്രസംഗങ്ങളുടെ ഒരു തനിയാവർത്തനമാണ് ഇപ്പോഴത്തെ പ്രസംഗം. കഴിഞ്ഞ വർഷം പ്രഖ്യാപിച്ച 82 പദ്ധതികളിലൊന്നും തന്നെ പ്രാവർത്തികമാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. പരമ്പരാഗത വ്യവസായ മേഖലയുടെ വികസനത്തെസംബന്ധിച്ച് കാര്യമായ ഒരു നിർദ്ദേശവുമില്ല. കയർ, കശുവണ്ടി, കൈത്തറി രംഗങ്ങളിൽ കാര്യക്ഷമമായ ഒരു പദ്ധതിയുമില്ല. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് പ്രതിസന്ധി തുടരുകയാണ്. സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരുന്ന പരിഷ്ക്കാരങ്ങൾ വ്യാപകമായ പ്രതിഷേധത്തിന് കാരണമായിരിക്കുകയാണ്. എല്ലാ മേഖലകളിലും ഇരട്ടത്താപ്പുനയമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. സച്ചാർ കമ്മീഷൻ റിപ്പോർട്ടിനെ സ്വാഗതം ചെയ്യുന്നു. ആ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ന്യൂനപക്ഷ ക്ഷേമത്തിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. സാമ്പത്തിക വർഷം ആരംഭിക്കുമ്പോൾത്തന്നെ പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കാനുള്ള നടപടിയുണ്ടാകണം.

ശ്രീ. വി. സുരേന്ദ്രൻ പിള്ള: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് ആരംഭിച്ച പല പദ്ധതികളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് ഈ ഗവൺമെന്റ് പരമാവധി ശ്രമി

ച്ചിട്ടുണ്ട്. കാർഷിക-വ്യാവസായിക രംഗത്ത് വളർച്ചയുണ്ടായിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വിലക്കുറവാണ്.

ശ്രീ. സി.എഫ്. തോമസ്: നന്ദി പ്രമേയത്തെ എതിർക്കുന്നു. സംസ്ഥാനത്ത് വിലക്കയറ്റം രൂക്ഷമായിരിക്കുന്നു. പൊതുവിതരണ ശൃംഖല പാടെ തകർന്നു. മാവേലി സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങൾ ഇല്ല. ബി.പി.എൽ കാർഡുടമകൾക്ക് അർഹതപ്പെട്ട അരി കൊടുക്കുന്നില്ല. പാവപ്പെട്ടവർക്ക് ചികിൽസ ലഭ്യമാക്കുന്നതിനായി യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഈ ഗവൺമെന്റ് നിർത്തിവച്ചു. യു.ഡി.എഫിന്റെ കാലത്ത് ഗവൺമെന്റ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഒരു ലക്ഷം രൂപവരെ ചികിൽസാ സഹായമായി കൊടുത്തിരുന്നത് ഇപ്പോൾ നൽകുന്നില്ല. വിലക്കയറ്റം നിയന്ത്രിക്കുന്നതിനോ ചികിൽസാസഹായം ഏർപ്പെടുത്തുന്നതിനോ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല

ശ്രീ. വി.ജെ. തങ്കപ്പൻ: നന്ദി പ്രമേയത്തെ അനകൂലിക്കുന്നു. യു.ഡി.എഫ് ഗവൺമെന്റ് കൊണ്ടുവന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഗവൺമെന്റ് മേഖലയിലുള്ള ധർമ്മാശുപത്രികളുടെ പ്രവർത്തനം ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ളതായിരുന്നു. ബി.പി.എൽ-കാർക്ക് സൗജന്യമായി ചികിൽസ നൽകുന്നതിനുള്ള നടപടികളാണ് 21 മാസക്കാലത്തിനിടയിൽ ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. താലൂക്കാശുപത്രികൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിച്ച് പാവപ്പെട്ടവർക്ക് സൗജന്യ ചികിൽസ കൊടുക്കുന്ന നയമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്.. ചികിൽസാ സഹായത്തിനുവേണ്ടി

മുഖ്യമന്ത്രിയുടെ ഓഫീസിൽ അപേക്ഷ കൊടുത്താൽ സമയബന്ധിതമായി സഹായം ലഭ്യമാക്കുന്നുണ്ട്. 21 മാസക്കാലത്തിനുള്ളിൽ അക്രമത്തിന് വിധേയമാകാത്ത ഒരു വകുപ്പാണ് ആഭ്യന്തര വകുപ്പ്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ പേരിലുള്ള സ്വദേശാഭിമാനി സ്കൂൾ ഓഫ് ജേർണലിസം 2010-ന് മുൻപ് നെയ്യാറ്റിൻകരയിൽ സ്ഥാപിക്കണം. ഭക്ഷ്യ വസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഉൾനാടൻ മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി സംയോജിത പദ്ധതിയായ "മത്സ്യകേരളം" സംസ്ഥാനം മുഴുവൻ നടപ്പിലാക്കണം. സഹകരണ മേഖലയിൽ ബാങ്കിംഗ് ഓംബുഡ്സ്മാൻ എത്രയുംവേഗം രൂപീകരിക്കണം. ദേശീയപാത 47-ൽ നെയ്യാറ്റിൻകര-തിരുവനന്തപുരം പ്രദേശത്ത് അനുഭവപ്പെടുന്ന യാത്രാക്ളേശം പരിഗണിച്ച് തിരുവനന്തപുരം - അമരവിള 20 കിലോമീറ്റർ എത്രയുംവേഗം നാലുവരിപ്പാതയാക്കാനുള്ള നടപടി സ്വീകരിക്കണം. മാലിന്യ വിമുക്തമായ കേരളം കെട്ടിപ്പടുക്കാനുള്ള നടപടിയുണ്ടാകണം. ടൗൺ ആന്റ് കൺട്രി പ്ളാനിംഗ് ബിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ പാസ്സാക്കി നടപ്പിലാക്കണം. ചെറുകിട കൃഷിക്കാരെ പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം ജില്ലതോറും ജഴ്സി ഫാമുകളും ബഫലോ ഫാമുകളും ഉണ്ടാക്കി പാൽക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കണം. തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ആന്റി പോവർട്ടി സബ് പ്ളാൻ നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റ് തരുന്ന തുക സമയബന്ധിതമായും ഫലപ്രദമായും പ്രയോജനപ്പെടുത്തണം. പച്ചക്കറി കൃഷിക്കാർക്കും നെൽകൃഷിക്കാർക്കും നാല് ശതമാനം പലിശനിരക്കിൽ ലഭ്യമാക്കിയ വായ്പാ സൗകര്യം പ്രയോജനപ്പെടുത്താനുള്ള ശക്തമായ

നടപടിയുണ്ടാകണം. ഹരിതസംഘങ്ങൾ രൂപീകരിച്ച് ആയിരം പച്ചക്കറി ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞാൽ അത്ഭുതകരമായ മാറ്റങ്ങൾ ഒരു വർഷത്തിനുള്ളിൽ ഉണ്ടാക്കാൻ സാധിക്കും.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഗവർണ്ണർ നടത്തിയ മൂന്നാമത്തെ നയപ്രഖ്യാപന പ്രസംഗമാണിത്. ജനങ്ങളോട് പ്രതിബദ്ധതയുള്ള ജനക്ഷേമകരമായ വികസന കാഴ്ചപ്പാടോടുകൂടിയുള്ള നയപ്രഖ്യാപനമാണിത്. അതിൽ ആവർത്തനം കാണുന്നുവെന്നുള്ളത് സ്വാഭാവികമാണ്. കാർഷികകടം എഴുതിത്തള്ളുകയും കർഷകർക്ക് പ്രത്യേക പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കുകയും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും ചെയ്തുകൊണ്ട് കർഷകരുടെ ജീവൽപ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയതുമൂലം സംസ്ഥാനത്ത് കർഷക ആത്മഹത്യ ഇല്ലാതായി. വിലക്കയറ്റം തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ പല നയങ്ങളും സംസ്ഥാന താല്പര്യത്തിന് വിരുദ്ധമാണ്. തീരദേശത്തെ ധാതുമണൽ ഖനനം പൊതുമേഖലയിൽ മതി എന്നുള്ള നയപരമായ തീരുമാനം അതീവ ശ്രദ്ധേയമാണ്. കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ''ചെയർ ഫോർ പാർലമെന്ററി അഫയേഴ്സ്'' സ്ഥാപിക്കാനുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. കണ്ണൂർ വിമാനത്താവളത്തിനുണ്ടായ പ്രതിബന്ധങ്ങളെല്ലാം മാറ്റി അത് പ്രവൃത്തിപഥത്തിലെത്തിക്കാനുള്ള നടപടികൾ ആരംഭിച്ചു. കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനവും ശ്രദ്ധേയമാണ്. ഭൂബാങ്ക് എന്ന ആശയം ഒരു പുതിയ പരിപാടിയായി സംസ്ഥാനത്ത് വരാൻ പോകുകയാണ്. മുല്ലപ്പെരിയാറിൽ പുതിയ ഡാം

നിർമ്മിക്കുന്നതിനുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് ശ്രദ്ധേയമായ നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ക്രമസമാധാന രംഗത്ത് ശാസ്ത്രീയമായ പരിഹാരം കാണുന്നതിനുവേണ്ടി കൊണ്ടുവന്ന കമ്മ്യൂണിറ്റി പോലീസ് സംവിധാനം ആശാവഹമാണ്. ടൂറിസം വികസനത്തിലൂടെ സംസ്ഥാനത്തെ സമ്പദ്ഘടനയ്ക്ക് ശക്തിയും കരുത്തും പകരാൻ സാധിച്ചിട്ടുണ്ട്. ആദിവാസികൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും പ്രത്യേക പരിഗണന നൽകുകയും 1717 ആദിവാസി കുടുംബങ്ങൾക്ക് കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ ഭൂമി നൽകുകയുമുണ്ടായി. സാംക്രമിക രോഗങ്ങൾ നിയന്ത്രണവിധേയമാക്കി. വിദ്യാഭ്യാസരംഗത്ത് പുരോഗമനപരമായ മാറ്റങ്ങൾ ഉണ്ടായി. സഹകരണ മേഖലയിൽ രാഷ്ട്രീയ അതിപ്രസരം ഇല്ലാതാക്കി. മലബാർ മേഖലയിലെ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനത്തിൽ പുരോഗതി ഉണ്ടായി. 31 പഞ്ചായത്തുകളിൽ പി.എച്ച്.സി.കൾ ആരംഭിക്കുമെന്ന് പറഞ്ഞിരിക്കുന്നത് സ്വാഗതാർഹമാണ്. വ്യാവസായിക രംഗത്തുള്ള അസ്വസ്ഥതകൾ മാറ്റാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

ശ്രീ.പി. കൃഷ്ണപ്രസാദ് : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമ്പദ്ഘടന ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട പരിശ്രമം. അതിന് ഉല്പാദനമേഖലകളായ കൃഷിയും വ്യവസായവും ശക്തിപ്പെടുത്തണം. കേന്ദ്ര ഗവൺമെന്റിന്റെ അശാസ്ത്രീയ ഇറക്കുമതി നയത്തിന്റെ ഫലമായിട്ടാണ് ഇവിടെ കർഷക ആത്മഹത്യ ഉണ്ടായത്. കാർഷികകടം എഴുതിത്തള്ളിയതുൾപ്പെടെ കർഷകരുടെ ജീവൽപ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയതു

വഴി കർഷക ആത്മഹത്യ പിടിച്ചുനിർത്തുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചു. സംസ്ഥാനത്ത് കൂടിയ വിലയ്ക്ക് നെല്ല് സംഭരണം നടത്തിയതുവഴി നെല്ലുല്പാദനത്തിൽ 30 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പാവപ്പെട്ടവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയുള്ള ഒരു ചെലവും വെട്ടിച്ചുരുക്കാതെ വരുമാനം വർദ്ധിപ്പിക്കുക എന്ന നയമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. 2006-07-ൽ നികുതി വരുമാനത്തിൽ 51 ശതമാനം വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. അഴിമതിരഹിത വാളയാർ എന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കൃഷി, കയർ, കശുവണ്ടി, മത്സ്യം എന്നീ മേഖലകളിലെ തൊഴിലാളി പെൻഷന്റേയും സർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയുടേയും കുടിശ്ശിക മുഴുവൻ കൊടുത്തുതീർത്തു. ഈ ഗവൺമെന്റ് 8 ലക്ഷം വൈദ്യുത കണക്ഷനുകൾ അധികമായി നൽകി. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് വീട് വയ്ക്കാൻ നൽകുന്ന ധനസഹായത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ട് എസ്.സി. വിഭാഗത്തിൽ പതിനായിരം വീടുകളും എസ്.ടി. വിഭാഗത്തിൽ 1500 വീടുകളും വയ്ക്കുന്നതിന് ധനസഹായം നൽകുകയുണ്ടായി. ആദിവാസി മേഖലയിൽ 10 കോടി രൂപയുടെ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കി. ആദിവാസി വിഭാഗങ്ങളുടെ വിദ്യാഭ്യാസാനുകൂല്യത്തിൽ 50 ശതമാനം വർദ്ധനവ് ഏർപ്പെടുത്തി. അഴിമതിരഹിത ഭരണം കാഴ്ചവയ്ക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ഗവൺമെന്റ് കാലാകാലങ്ങളിൽ തീരുമാനിക്കുന്ന കാര്യങ്ങൾ എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിനും അഴിമതിരഹിത സിവിൽ സർവ്വീസ് കെട്ടിപ്പടുക്കുന്നതിനും ഉദ്യോഗസ്ഥർ മുന്നോട്ടുവരണം.

ശ്രീ.എ.എ. അസീസ് : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പാവപ്പെട്ടവരേയും ഇടത്തരക്കാരേയും കർഷകരേയും മറ്റ്

തൊഴിലാളികളേയും സംരക്ഷിക്കുന്ന ഒരു ഗവൺമെന്റാണ് കഴിഞ്ഞ 21 മാസക്കാലമായി സംസ്ഥാനത്ത് ഭരണം നടത്തുന്നത്. കർഷക കടാശ്വാസ കമ്മീഷൻ നിയമം മാതൃകാപരമായി പാസ്സാക്കുകയുണ്ടായി. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമം പാസ്സാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുകയുണ്ടായി. പരമ്പരാഗത വ്യവസായ മേഖല സംരക്ഷിക്കുന്നതിനും വിവിധ ക്ഷേമപദ്ധതികളുടെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കശുമാവ് കൃഷി വികസനത്തിനുവേണ്ടി ഏജൻസി രൂപീകരിക്കുകയും 1000 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ഈ ഗവൺമെന്റ് പാവപ്പെട്ട തൊഴിലാളികൾക്കുവേണ്ടി ധാരാളം ആശ്വാസ നടപടികൾ സ്വീകരിച്ചു. ഗവൺമെന്റിനെതിരെയുള്ള പ്രതിപക്ഷത്തിന്റെ സമരങ്ങളും ഹർത്താലുകളും ജനപിന്തുണയില്ലാതെ പരാജയപ്പെടുകയായിരുന്നു. സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു. സാമുദായിക പ്രശ്നങ്ങളുണ്ടായ അവസരങ്ങളിൽ മുസ്ളീം സമുദായത്തെ സംരക്ഷിക്കാൻ കമ്മ്യൂണിസ്റ്റ്/ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ശ്രമം നടത്തി. അഞ്ചുവർഷം കൊണ്ട് സുസ്ഥിരമായ ഭരണമാണ് ഈ സർക്കാർ വിഭാവന ചെയ്യുന്നത്.

<u>ശ്രീമതി കെ.കെ. ലതിക:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സാധാരണക്കാരെയും പാവപ്പെട്ടവരെയും സംരക്ഷിക്കാനുതകുന്ന തരത്തിലുള്ളതാണ് ഈ നയപ്രഖ്യാപന പ്രസംഗം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം യു.ഡി.എഫ്. സൃഷ്ടിക്കുന്ന വിവാദങ്ങളുടെ പുറകെ മുഖ്യധാരാ മാധ്യമങ്ങളും കടന്നുചെന്ന് ജനങ്ങളെ

തെറ്റിദ്ധരിപ്പിക്കുന്ന അവസ്ഥയുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് തകർച്ചയിലായ സംസ്ഥാനത്തെ ആരോഗ്യമേഖലയെ ഉയർത്തിക്കൊണ്ടുവരാൻ ഈ സർക്കാർ 21 മാസത്തിനുള്ളിൽ ഇൻഷ്വറൻസ് പദ്ധതി പോലുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ആരോഗ്യ മേഖലയിൽ വളർച്ചയുണ്ടാക്കാനാണ് എൽ.ഡി.എഫ്. സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പി.എച്ച്.സി., സി.എച്ച്.സി., താലൂക്ക് ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ തുടങ്ങി ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഗവൺമെന്റ് ആശുപത്രികളിലും മെച്ചപ്പെട്ട ചികിൽസ ലഭ്യമാക്കിത്തുടങ്ങി. ഇപ്പോൾ എച്ച്.എം.ടി., കെൽ തുടങ്ങിയവയെ സംബന്ധിച്ച വിവാദങ്ങൾ സൃഷ്ടിച്ച് കേരളം കണ്ട ഏറ്റവും നല്ല വ്യവസായ വകുപ്പുമന്ത്രിയെ കരിതേച്ചു കാണിക്കാൻ പ്രതിപക്ഷം ശ്രമിക്കുകയാണ്. വ്യാവസായിക മേഖലയിലെ വളർച്ച തടയാൻ വേണ്ടിയാണ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്. സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും 17 ശതമാനം ക്ഷാമബത്ത അനുവദിച്ചതുവഴി ആ ഇനത്തിലുള്ള കുടിശ്ശിക ഇല്ലാതാക്കി. കർഷകത്തൊഴിലാളികളുൾപ്പെടെയുള്ളവർക്ക് ക്ഷേമ പെൻഷൻ കുടിശ്ശികയില്ലാതെ കൊടുത്തുവെന്നു മാത്രമല്ല, അതിൽ ചെറിയൊരു വർദ്ധനവ് വരുത്തുകയും ചെയ്തു. സർക്കാരിന്റെ സാമ്പത്തിക മാനേജ്മെന്റ് വളരെ മെച്ചപ്പെട്ടതാണ്. സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ജോലിയിൽ മികവ് പുലർത്തുന്ന ഉദ്യോഗസ്ഥർക്കും ഓഫീസുകൾക്കും അവാർഡ് നൽകി പ്രോൽസാഹിപ്പിക്കുന്ന കാര്യം പരിഗണിക്കണം. കഴിഞ്ഞ 21 മാസക്കാലത്തിനുള്ളിൽ സംസ്ഥാനത്തെ സാധാരണക്കാർക്കുവേണ്ട ഏറ്റവും നല്ല നിയമങ്ങൾ നിയമസഭയിൽ പാസ്സാക്കാൻ സർക്കാരിന് സാധിച്ചി

ട്ടുണ്ട്. സിവിൽ സപ്ളൈസ് വകുപ്പു ചെയ്യുന്നതുപോലെ ഉത്സവ കാലങ്ങളിൽ സാധാരണക്കാരന് ഭക്ഷ്യ സാധനങ്ങൾ എത്തിച്ചുകൊടുക്കാൻ സഹകരണ മേഖലയ്ക്ക് സാധിച്ചിട്ടുണ്ട്. മാഫിയകൾക്ക് കൂട്ടുനിൽക്കുന്നവരായിരുന്നു കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തെ പോലീസെങ്കിൽ ഇന്ന് ആ അവ സ്ഥയ്ക്ക് മാറ്റം വരുത്താനും ക്രമസമാധാനം നിലനിറുത്താനും വിലക്കയറ്റം പിടിച്ചുനിറുത്താനും സർക്കാരിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിനാവശ്യമായ അരി ലഭ്യമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സ്വാധീനമുള്ള പ്രതിപക്ഷം സമ്മർദ്ദം ചെലുത്തണം. സംസ്ഥാനത്തെ 85 ശതമാനം വരുന്ന കാർഷിക മേഖലയിലെ വയലുകൾ നാണ്യവിളകളായി മാറുന്ന അവസ്ഥയ്ക്കും ഭക്ഷ്യ വസ്തുക്കൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന സ്ഥിതിക്കും മാറ്റം ഉണ്ടാകണം.

ശ്രീ. കെ. ടി. ജലീൽ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാ നത്ത് സർവ്വതോന്മുഖമായ അഭിവൃദ്ധിയാണ് കഴിഞ്ഞ 21 മാസക്കാലത്തിനു ള്ളിൽ എല്ലാ മേഖലകളിലും ഉണ്ടായിട്ടുള്ളത്. ഒരു പ്രാവശ്യംപോലും ഭേദഗതി വരുത്താത്തതും 1959-ൽ നിലവിൽ വന്നതുമായ കേരള വിദ്യാ ഭ്യാസ നിയമം പരിഷ്കരിക്കാനായി ബൃഹത്തായ പദ്ധതി ആവിഷ്ക്കരിച്ച് സമയബന്ധിതമായി അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ സർക്കാ രിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 1,08,000-ത്തോളം വരുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരിൽ 258 പേർ മാത്രമാണ് ഹരിജനവിഭാഗത്തിൽപെടുന്നത്. സ്വന്തം മതവിഭാഗക്കാർക്കും ജാതിവിഭാഗ ങ്ങൾക്കും ബന്ധുക്കൾക്കും 70 ശതമാനം സീറ്റുകളിൽ നിയമനം നൽകി യാലും ബാക്കി വരുന്ന 30 ശതമാനം സീറ്റിലെങ്കിലും സഹോദര സമുദായ ത്തിൽപ്പെടുന്നവരെ പരിഗണിക്കാനുള്ള നീതി ബോധം സംസ്ഥാനത്തെ

എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ മാനേജുമെന്റുകൾ പുലർത്താത്ത സാഹചര്യത്തിലാണ് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം പി. എസ്. സി.ക്ക് വിടുന്നതിന് ആലോചനയുണ്ടായത്. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭാഗികമായിട്ടെങ്കിലും സർക്കാരിന് നിയന്ത്രണം ഉണ്ടാകുന്നതിനായി ഈ സഭ ഏകകണ്ഠമായി ഒരു നിയമം പാസ്സാക്കണം. പണമില്ലാത്തവനും പാവപ്പെട്ടവനും വേണ്ടി എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കവാടങ്ങൾ തുറക്കപ്പെടണം. കേരളീയ പൊതു സമൂഹത്തിന്റെ വികാരം മനസ്സിലാക്കുന്നതിനായി എല്ലാവരും ഉയർന്ന് പ്രവർത്തിക്കുകയും ചിന്തിക്കുകയും വേണം. ദേവസ്വം മേഖലയിൽ നിലനിൽക്കുന്ന ചൂഷണത്തെക്കുറിച്ചും അവിടെ ഇതുവരെ നടന്നുകൊണ്ടിരുന്ന കൊള്ളകളെക്കുറിച്ചും അന്വേഷിക്കാൻ സർക്കാർ തയ്യാറാകുമ്പോൾ അതിനെ പ്രശംസിക്കുന്നതിനു പകരം വിമർശനം നടത്തുന്നത് ന്യായീകരിക്കത്തക്കതല്ല. ഈ സർക്കാർ വളരെയധികം അഭിവൃദ്ധിയും പുരോഗതിയും സംസ്ഥാനത്തിന് സമ്മാനിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ വീഴ്ചകളുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കുന്നത് ക്രിയാത്മകമായിട്ടായിരിക്കണം. ഇൻഡ്യയിലെ മുസ്ലീം ജനവിഭാഗത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി സച്ചാർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ മുസ്ലീങ്ങളുടെ പിന്നോക്കാവസ്ഥ എങ്ങനെ പരിഹരിക്കാം എന്നുള്ളതിനെ സംബന്ധിച്ച ശ്രീ. പാലോളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പഠിച്ച് സമയബന്ധിതമായി ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കാൻ എല്ലാ പാർട്ടികളുടെയും പിന്തുണയുണ്ടാകണം. ഈ നാട്ടിലെ ഏതെങ്കിലും ഒരു വിഭാഗത്തിന്റെ പ്രശ്നം വരുമ്പോൾ അത് അതത് വിഭാഗ

ത്തിൽപ്പെടുന്നവരാണ് ഏറ്റെടുക്കേണ്ടതെന്ന പരമ്പരാഗതമായ ധാരണ തിരുത്തണം. അതിനായി ഈ സർക്കാർ നൽകുന്ന തീവ്രമായ ശ്രമങ്ങളെ പ്രതിപക്ഷവും കോൺഗ്രസ്സും പിന്തുണയ്ക്കണം.

ശ്രീ. രാജു എബ്രഹാം: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കൃഷിക്കാരുടെ ആത്മഹത്യ അവസാനിപ്പിക്കാൻ കഴിഞ്ഞ ഏക സംസ്ഥാനം കേരളമാണ്. ബി.പി.എൽ കുടുംബങ്ങൾക്ക് സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി, അഞ്ച് സിറ്റികൾക്ക് മാസ്റ്റർ പ്ലാൻ പരിഷ്ക്കരിക്കണം, ശബരിമലയ്ക്കുള്ള റോഡുകളുടെ വികസനത്തിനായി പ്രത്യേക പദ്ധതി., കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കാലിത്തീറ്റ ഫാക്ടറി, ഹൈടെക്ക് ഡയറി ഫാം, എൽഡേഴ്സ് പാർക്ക് തുടങ്ങി ഒട്ടേറെ പുതിയ പദ്ധതികൾ നയപ്രഖ്യാപനത്തിലുണ്ട്. . ടൂറിസം രംഗത്ത് 19% വളർച്ചയുണ്ടായതും വരുമാനം വർദ്ധിപ്പിച്ചതും ഈ ഗവൺമെന്റിന്റെ നേട്ടമാണ്. കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടുവെന്നു മാത്രമല്ല ഓരോ വർഷവും ഏതാണ്ട് 1000 പുതിയ ബസ്സുകൾ ഇറക്കാനും തിരുമാനിച്ചു. എല്ലാ ജില്ലകളിലും പീപ്പിൾസ് ബസാർ, സപ്ലൈ കോ മാർക്കറ്റുകൾ എന്നു തുടങ്ങി ജനോപകാരപ്രദമായ പദ്ധതികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. പാവപ്പെട്ട കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പഠിക്കാനുള്ള അവകാശമുണ്ടാകാൻ വേണ്ടിയുള്ള നിയമം കൊണ്ടുവന്നപ്പോൾ കോടതി അത് റദ്ദ് ചെയ്തു. മതേതര പാർട്ടിയാണ് എന്ന് സ്വയം അവകാശപ്പെടുമെങ്കിലും അത് തെളിയിക്കാൻ പ്രതിപക്ഷപാർട്ടികൾക്ക് ഇതേവരെ സാധിച്ചിട്ടില്ല. കെ.ഇ.ആർ. പരിഷ്ക്കരിക്കുന്നതിനായി പ്രത്യേകം കമ്മിഷനെ നിയമിച്ച സർക്കാരിന്റെ നടപടി അഭിനന്ദനാർഹമാണ്.

<u>ശ്രീ. വർക്കല കഹാർ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. എൽ.ഡി.എഫ്. മന്ത്രിസഭയിലെ മന്ത്രിമാരുടെ മഹത്വം അവരുടെ വാമൊഴി വഴക്കത്തിൽ നിന്ന് അറിയാവുന്നതാണ്. വിമോചന സമരത്തെക്കുറിച്ച് ധാർമ്മികരോഷം കൊള്ളാൻ അവകാശമില്ലാത്തവരാണ് അതിനെക്കുറിച്ച് ഘോരഘോരം പ്രസംഗിക്കുന്നത്. കേന്ദ്രത്തിൽ ജനതാപാർട്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രി സഭയെ മറിച്ചിടാൻ ബി.ജെ.പി.യുമായി പലപ്പോഴും കൂട്ടുപിടിച്ചത് സി.പി.ഐ.(എം) ആണ്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ മറവിൽ മുസ്ലീം ജന വിഭാഗത്തെ കബളിപ്പിക്കുന്ന സമീപനമാണ് ഈ ഗവൺമെന്റിനുള്ളത്. പശ്ചിമ ബംഗാളിലെ നന്ദിഗ്രാമിൽ പാവപ്പെട്ട നൂറുകണക്കിന് മുസ്ലീം സഹോദ രങ്ങളെ കൊലപ്പെടുത്തുകയും പെൺകുട്ടികളെ പീഡിപ്പിക്കുകയും ചെയ്ത സംഭവത്തെ ന്യായീകരിക്കാനാണ് സി.പി.ഐ.(എം) ശ്രമിച്ചത്. 2001-2006 കാലഘട്ടത്തിലെ യു.ഡി.എഫ്. സർക്കാരിന്റെ എല്ലാ വികസന പ്രവർത്തന ങ്ങൾക്കും പിറകിൽ നിന്ന് കുത്തുകയും എ.ഡി.ബി.ക്കും വേൾഡ് ബാങ്കിനും എതിരായി കരിഓയിൽ പ്രയോഗിക്കുകയും ചെയ്തവരാണ് ഇന്ന് നന്ദിപ്രമേ യത്തോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നത്.

<u>ശ്രീ. പി. തിലോത്തമൻ</u>: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ 21 മാസം ഈ ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങൾ ഉയർത്തിപ്പിടിക്കാൻ സഹായകമായ നടപടികളാണ് നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. കർഷകർക്കും തൊഴിലാളികൾക്കും ക്ഷേമം പകരാൻ ഉപകരിക്കുന്ന ആ നയത്തോട് ആർക്കും വിയോജിപ്പുണ്ടാവില്ല. പ്രതിപക്ഷം സഭയിൽ നടത്തിയ പ്രസംഗങ്ങൾ അങ്ങേയറ്റം ആക്ഷേപകരമാണ്. കേരളത്തിന്റെ സമഗ്ര പുരോഗതിക്കുവേണ്ടി എന്തൊക്കെ ചെയ്യണമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്. കർഷകരും

തൊഴിലാളികളും അടങ്ങുന്ന ജനസമൂഹത്തിന്റെ പിന്തുണ നേടിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. വിലക്കയറ്റം സംബന്ധിച്ച് ഈ സഭയിൽ നല്ല രീതിയിലുളള ചർച്ച നടന്നു. കേന്ദ്ര ഗവൺമെന്റ് അരിയുടെ അളവ് വെട്ടിക്കുറച്ച് ജനങ്ങളെ പീഡിപ്പിക്കുന്ന നയമാണ് സ്വീകരിച്ചത്. ബഹുരാഷ്ട്ര കുത്തക കമ്പനികൾ ഇൻഡ്യയിൽ മൽസരിക്കുകയാണ്, അവയുടെ എണ്ണം വർദ്ധിക്കുകയാണ്. എച്ച്.എം.ടി. ഭൂമി ഇടപാട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്നതാണ്. അതിൽ ഈ ഗവൺമെന്റിന് യാതൊരു പങ്കുമില്ല. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് ആറുപേർക്ക് ഭൂമി വിറ്റു. നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്തെ യു.ഡി.എഫ്. സർക്കാരും കേന്ദ്ര സർക്കാരുമായി ചേർന്ന് വിറ്റു. ഈ ഗവൺമെന്റിന് അവകാശപ്പെട്ട ഒരിഞ്ച് ഭൂമിപോലും നഷ്ടപ്പെടാതിരിക്കാൻ കർശന നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. എറണാകുളം, കോഴിക്കോട്, തൃശ്ശൂർ, മൂന്നാർ, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിൽനിന്നും കോടിക്കണക്കിന് രൂപയുടെ ഗവൺമെന്റ് ഭൂമി ഈ സർക്കാർ ഏറ്റെടുത്തു. ഈ രീതിയിൽ ഭൂമികൾ ഏറ്റെടുത്ത് ലാന്റ് ബാങ്കിൽ നിക്ഷേപിച്ച് ഭൂരഹിതർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുന്ന ഗവൺമെന്റാണിത്.

<u>ശ്രീ. വി.എൻ. വാസവൻ</u> : നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ അടിസ്ഥാനപരമായ മേഖലയിൽ വൻ പുരോഗതികളുണ്ടാക്കുന്ന ഒട്ടേറെ പദ്ധതികൾ നയപ്രഖ്യാപനത്തിലുണ്ട്. കഴിഞ്ഞ രണ്ട് നയപ്രഖ്യാപനങ്ങളിലുണ്ടായിരുന്ന പല പദ്ധതികളും നടപ്പാക്കി. പ്രതിപക്ഷത്തിന്റെ പ്രവർത്തനം സൃഷ്ടിപരവും ക്രിയാത്മകവും

ആയിരിക്കുമെന്ന പ്രതിപക്ഷനേതാവിന്റെ ഉറപ്പ് ലംഘിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ കാർഷിക, വ്യാവസായിക, തൊഴിൽ, സാമ്പത്തിക മേഖലകളിലെ പുരോഗതി സംബന്ധിച്ച് പ്രതിപക്ഷം പരിശോധിക്കേണ്ടതായിരുന്നു. സാമ്പത്തിക അച്ചടക്കം സ്വീകരിച്ചതുമൂലം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം റവന്യൂ കമ്മി കുറയ്ക്കാനും നികുതി പിരിവ് വർദ്ധിപ്പിക്കാനും സാധിച്ചു. ഉൽപ്പാദന രംഗത്തും സേവനമേഖലയിലും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാൻ സാധിച്ചു. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനും കയർ, കശുവണ്ടി, കൈത്തറി, കളള്ചെത്ത്, ആർട്ടിസാൻസ്, ഈറ്റ, മൽസ്യബന്ധനം തുടങ്ങിയ മേഖലകളിൽ പുരോഗതി കൈവരിക്കാനും സാധിച്ചു. വ്യവസായ രംഗം വളർന്നുവരുകയാണ്. ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തെ പല കേന്ദ്രമന്ത്രിമാരും അഭിനന്ദിക്കുകയുണ്ടായി. സംസ്ഥാനത്തെ ക്രമസമാധാന നില മെച്ചപ്പെടുത്താൻ സാധിച്ചു. ആരോഗ്യ പരിപാലനരംഗം ശക്തിപ്പെടുത്തി. കേരളത്തിലെ ഒരു രാഷ്ട്രീയ പാർട്ടിക്കും നടത്താൻ കഴിയാത്ത വിധമുളള ജനപിൻതുണയോടും ജനപങ്കാളിത്തത്തോടും അച്ചടക്കത്തോടും കൂടി സി.പി.ഐ.(എം) നടത്തിയ സമ്മേളനത്തെ വിമർശിക്കുന്ന നടപടി പ്രതിപക്ഷത്തിന് യോജിച്ചതല്ല. അച്ചടക്കരഹിതമായി പെരുമാറിയാൽ അതു പറയാനും അതിനെതിരെ നടപടി എടുക്കാനും തന്റേടമുളള പാർട്ടിയാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. അടിസ്ഥാനരഹിതമായ ആക്ഷേപങ്ങൾ ഉന്നയിക്കുക മാത്രമാണ് ഇന്ന് പ്രതിപക്ഷത്തിന്റെ ചുമതല. കേരളം കൈവരിച്ചുകൊണ്ടിരിക്കുന്ന നേട്ടങ്ങളെ മറക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ഊർജ്ജമേഖലയിൽ ദീർഘവീക്ഷണത്തോടും ജാഗ്രതയോടും കൂടിയുളള

പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായിട്ടാണ് പവർകട്ടിൽ നിന്ന് ഇന്ന് കേരളം മോചിതമായിരിക്കുന്നത്. കേരളത്തിന്റെ സമസ്തമേഖലകളിലും പുരോഗതി കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുന്ന ഗവണ്മെന്റാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവണ്മെന്റ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. സത്യവിരുദ്ധമായ പ്രസ്താവനകൾ ഗവർണ്ണറെക്കൊണ്ട് പ്രസംഗിപ്പിക്കുക വഴി ഈ ഗവണ്മെന്റ് ജനാധിപത്യത്തോട് ഏറ്റവും വലിയ തെറ്റാണ് കാണിച്ചിരിക്കുന്നത്. കഴിഞ്ഞ 20 മാസത്തെ പ്രവർത്തനം അഴിമതി നിറഞ്ഞതാണ്. കിളിരൂർ കേസ്, മെർക്കിസ്റ്റൺ ഭൂമി ഇടപാട്, മൂന്നാർ പ്രശ്നം, ശബരിമല വിവാദം തുടങ്ങിയവയെ ഈ ഗവണ്മെന്റിലെ മന്ത്രിമാരും പാർട്ടിക്കാരും ഉയർത്തിക്കൊണ്ടുവന്നിട്ട് ഇപ്പോൾ അതിന്റെ പേരിൽ പ്രതിപക്ഷത്തെ കുറ്റം പറയുന്ന രീതി എൽ.ഡി.എഫ്. അവസാനിപ്പിക്കണം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഏതു രീതിയിലാണ് സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കണം. എച്ച്.എം.ടി. ഭൂമി ഇടപാടുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ അന്വേഷണം നടത്തി സംശയം ദൂരീകരിച്ച് കുറ്റക്കാരെ കണ്ടെത്താനും അവർക്കെതിരെ നടപടി സ്വീകരിക്കാനും ഇതിന്റെ പിന്നിൽ നടന്ന അഴിമതി പുറത്തു കൊണ്ടുവരാനും നടപടി സ്വീകരിക്കണം.

സഭ വൈകുന്നേരം 3.56-ന് പിരിഞ്ഞു.

..............................